# മുന്നണിയിൽ

**MUNNANIYIL**
(Malayalam Play)
By J. Chirayil Kuruppenthara
Manjoor P. O;
Kottayam, Kerala, S. India.
First Published March 1966
Printed at P. C. Press Kottayam.
Cover Block Antoney's Studio Kottayam.
Cover Printed at Victory Press, Kottayam.
Price Re. 1.
Copy Right Reserved by the Author

## ജെ. ചിറയിലിൻ്റെ കൃതികൾ

| | |
|---|---|
| മുന്നണിയിൽ | ലഘുനാടകം |
| കൂട്ടുകാരൻ | ചെറുകഥ |
| ഭാവിയുണ്ട് | ,, |
| മലമറിച്ചേ മൂഷികനടങ്ങൂ | വിനോദഭാവന |
| രഹസ്യം | നോവൽ |
| തറവാട്ടുകാരി | ,, |
| യാത്രക്കാരൻ | ,, |
| മണ്ണും പെണ്ണും | ,, |
| പുതിയതലമുറ | ,, |

പ്രസിദ്ധീകരണത്തിന് തയ്യാറായി വരുന്നു.
''ഹൃദയസ്തംഭനം''—നോവൽ.

# മുന്നണിയിൽ

(ലഘുനാടകം)

ഗ്രന്ഥകർത്താവ്

ജെ. ചിറയിൽ കുറപ്പുഞ്ഞറ

DHARMARAM COLLEGE LIBRARY, BANGALORE.
19425
T 62
C45

---

വിതരണം:

**നേതാജി ബുക്ക്സ്റ്റാൾ**

**പാലസ് റോഡ് കോട്ടയം**

കേരളം.

Phone: 75961.

# Aayur Aiswarya Aarogya Aasramam

"BABA BHAWAN"

50, Second Main Road, Gandhi Nagar, Adyar, Madras-20. Spiritual Study Circle: Every Sunday Afternoon. Mani Mantra Oushadalayam: Thursday Silence Healing Centre: Other days Forenoan (Interview)

Presided By

H. H. Jagad Guru Sri Sankaracharya; Swami Sivananda Saraswathi, Swami Nityananda, Sri Mai Swaroop Mai Markhand, Sri C Rajagopalacharior, Dr. Sir C. P. Ramaswami Iyer, Governors: Sri M. Anantasayanan Iyengar, Sri Bisnuram Medhi, Dr. B. Ramakrishna Rao, Sri K. Santhanam, Sri K. M. Munshi, Sri V. V. Giri etc.

Founded in 1943 By

His Holiness Sri Swami Venkateswarananda, Bhaktabhushan Chidambarakavi Dharmasevapravina Dharmarakshamani Hitopadesaka Karmayogakusala Kaviratna Kavibhushana Kaviraj

Lokasevak Panditaratnakara Pracharapravina Star-Divine Suhritapravina Vyakyana-Vacha-aspati Vidwatsiromani Vidwachintamani Vidyaratna Vaatsalya-Saagara, etc.

Doctor, & Honorary M. & R. L., Central Jail, Sub-Jail, Govt. After-care Home fot Males, Discharged Prisoners' Society, Goschen Home, Govt. Vigilance Home, Govt, Stri Sadana, Govt. Girls' Approved Schools, Govt. Reception Home,

Just as Founder's Awards went to

His Excellency Dr. B. Ramakrishna Rao, Governor of U. P., Dr. C. P. Ramaswami Iyer, Vice-Chancellor of Annamalai University, Dewan Bahadur K. S. Ramaswami Sastriar, Prof. B. V. Raman of Bangalore, Dr. V, Raghavan of Madras University, Prof N. N. Krishna Rao of Bombay, Rev. Fr. Dr. V. S. Lourdes Xavier and other enlightened souls,

This is to Term

Sri J. Chirayil, Kuruppantara, Manjoor as "Vidya Rathna" as he is pregnant with lofty ideas and ideals and is capable of telling things in a telling way and his mode of presentations is unique.

On this day of Republic and Tiruppavai-Tiruvembavai Conference, held under the Pre-

sidentship of Vaatsalya Saagara Sri V. S. Theerthamalai Chettiar, President: Divine Life Society; Convener: First Madrass State Divine Life Conference, Seretary: Aarogya Aasrama Sath Sangh, Founder: Tirtha Ananda Kutir, Publisher Sad: Guru Grandha Mala, Vice-Chairman of Vaniambadi Municipality, etc.

Dated at Madras this the Twenty sixth day of January 1966.

R. T. Lakshmi Kumar, B. A.
Personal Assistant. Sd/
The Head of Aarogya Aasramam.

Sri Ramakrishna Jayanti on Tamil New Year's day & Bakrid (23-4-'65) under the presidentship of Hon'ble Sri S. Chellapandian, speaker, Legislative Assembly, Madras.

# മുഖവുര

ഒരു ഞെട്ടിലെ ഇരുപൂക്കളായ മനുഷ്യർ തമ്മിൽ നടക്കുന്ന സ്നേഹപ്രകടനങ്ങളുടേയും ഘോരസംഘട്ടനങ്ങളുടേയും പശ്ചാത്തലത്തിൽ നെയ്തെടുത്ത ഈ കൊച്ചുനാടകത്തെ ഞാൻ നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നു. സന്താനങ്ങളില്ലാതെ ദുഃഖിക്കുന്ന ദമ്പതിമാർ ഈ നാടകം വായിക്കരുതെന്നു് എനിക്കപേക്ഷയുണ്ടു്. ഈ നാടകവുമായി നിങ്ങളിൽ ആരെങ്കിലും ബന്ധപ്പെടുന്നെങ്കിൽ എനിക്കു് മാപ്പുതരിക.

''കൂട്ടുകാരൻ'' എന്ന ചെറുകഥയിൽ കൂടി എന്റെ സാഹിത്യപ്രവർത്തനങ്ങൾക്കു് പ്രോത്സാഹനം നൽകിയ മാന്യവ്യക്തികളും സംഘങ്ങളും എന്റെ കൺമുമ്പിൽ തിളങ്ങുന്നു. ഹൃദയം തുളുമ്പുന്ന കൃതജ്ഞതയോടെ ഒരിക്കലും മായാതെ.

സഹൃദയലോകത്തിന് എന്റെ കൂപ്പുകൈ.

നിങ്ങളുടെ ജെ. ചിറയിൽ കുറുപ്പന്താറ.

## കഥാപാത്രങ്ങൾ

1. ജോയ്. പഞ്ചായത്ത് ആഫീസ്സർ. സംസ്കാര സമ്പന്നനും സ്നേഹധനനുമായ ഒരു യുവാവ്.
2. മായ. സൗന്ദര്യവും പക്വതയും ഇണങ്ങി ചേർന്ന ഒരു യുവതി. ജോയിയുടെ ഭാര്യ വയസ്സ് 18.
3. അന്നമ്മ. മായയുടെ അമ്മ. വയസ്സ്. 47
4. ഹമിദ്. വേലക്കാരൻ. മാതൃരഹിതനും പിതാവിനാൽ ഉപേക്ഷിക്കപ്പെട്ടവനും. വയസ്സ് 12.
5. ഭവാനി. വേലക്കാരി. പാവാടപ്രായം
6. ഡോക്ടർ.

ഈ നാടകമൊ ഇതിലെ ഏതെങ്കിലുംഭാഗമൊ നാടകകൃത്തിൻെറ രേഖാമൂലമായഅനുവാദം കൂടാതെ അഭിനയിക്കുവാൻ പാടുള്ളതല്ല.

---

N. B. ഇൻഡ്യയുടെ പ്രതിരോധ ആവശ്യങ്ങൾക്കുവേണ്ടി നടത്തുന്ന കലാപരിപാടികളിൽ ഈ നാടകം ഉൾപ്പെടുത്തുന്നതിനെഞാൻഅത്യധികം സ്വാഗതം ചെയ്യുന്നു.

നാടക കൃത്ത്

# മുന്നണിയിൽ

[വിവാഹത്തിൻെറ പിറേറദിവസം. സമയം 8—30 A. M. ജോയി വേഷ്ടിയും ബനിയനും ധരിച്ച് മുറിയിൽ പ്രവേശിക്കുന്നു. ഒരു ചെറിയ ഗാനമാലപിച്ചുകൊണ്ട് മുടിചീകുന്നു. അദ്ദേഹത്തിൻെറ അലക്കിത്തേച്ച വസ്ത്രങ്ങളുമായി മായ പ്രവേശിക്കുന്നു. അവ മേശമേൽ വച്ചിട്ട് ഓരോന്നും യഥാക്രമം എടുത്തുകൊടുക്കുന്നു. ജോയി ഷർട്ടും ധരിച്ചു.]

മായ: (ഷർട്ടിൻെറ കൈ മടക്കിക്കൊണ്ട്, അങ്ങ് ഈ പൊരിയുന്ന വെയിലത്തു ഉച്ചക്കിങ്ങോട്ട് നടക്കേണ്ട. ഞാൻ ഓഫീസ്സിൽ ചോറ് കൊണ്ടുവന്നുകൊള്ളാം.

ജോയി; (ചിരിച്ചിട്ട്) മായേ! എന്നെ അങ്ങ് കിങ്ങ് എന്നൊന്നും സംബോധന ചെയ്യേണ്ട.

മായ: (കുണുങ്ങി ചിരിച്ചിട്ട്) പിന്നെങ്ങിനയ്യാ?

ജോയി: എന്നെ പേരു് വിളിച്ചാൽ മതി.

മായ: അതെനിക്കിഷ്ടമില്ല. എന്നെ നിർബന്ധിക്കരുതെ.

ജോയി; മറേറതെനിക്കും ഇഷ്ടമല്ല. നിർബന്ധിക്കരുതെ.

മായ: എന്നാൽ ഞാൻ സാറേന്നു വിളിച്ചോട്ടെ?

ജോയി: ങ്ഹേ....ഹെ. സാറേന്നും വിളിക്കേണ്ട.

മായ: എന്നാൽ ഓഫീസ്സറേന്നു വിളിച്ചോട്ടെ?

ജോയി: (അത്ഭുതത്തോടെ) ഓഹൊ! മായ ഏതെല്ലാം പേരുകളാണ് സെലക്റ്റ് ചെയ്തിരിക്കുന്നത്. ഷർട്ടിൻെറ കൈമടക്കുവാൻ വരട്ടെ. (തടഞ്ഞുകൊണ്ട്) മായേ! ഇവകൂടാതെ മറേറതെങ്കിലും പുതിയ പേരുകൾ സ്റ്റോക്കുണ്ടോ? എങ്കിൽ അതെല്ലാം ഞാനൊന്നു കേൾക്കട്ടെ.

മായ: (ചിരിച്ചിട്ട് സാഹസത്തോടെ) ഇക്കാര്യത്തിൽ എന്നെ ബുദ്ധിമുട്ടിപ്പിക്കരുതെ....എന്നാൽ ഞാൻ പഞ്ചായത്താഫീസ്സറെന്നു വിളിച്ചോട്ടെ? പക്ഷെ പേരു് വിളിക്കുവാൻ മാത്രം എന്നെ നിർബന്ധിക്കരുതെ.

ജോയി: അങ്ങനെയെങ്കിൽ മായയേ ഞാൻ അടുക്കളഓഫീസ്സർ എന്നു വിളിക്കും.

മായ: (പൊട്ടിച്ചിരിച്ചുകൊണ്ടു്) ഓഹൊ, വിളിച്ചോളു, വിളിച്ചോളു. ഞാൻ സമ്മതിച്ചു. എന്നാലെങ്കിലും എനിക്കു് അങ്ങയേ പേരുവിളിക്കാതൊക്കുമല്ലൊ. (വീണ്ടും ഷർട്ടിൻെറ കൈ ചുരുട്ടുന്നു.)

ജോയി: (ചിരിച്ചുകൊണ്ടു്) ഓ....ഒരു നിർബന്ധക്കാരി: (മായയുടെ കവിളിൽ നുള്ളുന്നു.)

മായ; (കള്ളച്ചിരിയോടെ) ശോ....എനിക്കു നോവുന്നു. (കവിളിൽ തടവി. അല്പം രക്തം കയ്യിൽ പുരണ്ടു. പിച്ചിയ കയ്യിലെ നഖത്തിനു് നീളംകൂടിയ വിരലിൽ പിടിച്ചുകൊണ്ടു്)ഈ നഖമല്ലെ എൻെറ തോലു് മുറിച്ചതു്. (ഉറക്കെ) അമ്മേ! ആ് വെട്ടരുവാ ഇങ്ങുകൊണ്ടുവന്നേ.

അന്നമ്മ: (അടുക്കളയിൽ നിന്നും) മോളേ! ഞാനിവിടെ മീം........വെട്ടുവാ. മോളിങ്ങുവന്നെടുത്തോണ്ടു പൊക്കൊ.

മായ: അമ്മേ! അമ്മ ഇങ്ങോട്ടുവന്നേ! ദേ ഇതൊന്നു കണ്ടേ!

ജോയി: എന്തൊന്നിനാ മായേ വെട്ടരുവാം!

മായ: (കവിളിൽ തടവിക്കൊണ്ടു്) ദേ ഇതു കണ്ടില്ലേ! എൻെറ കവിളിത്ത തോലുപോയതു്....ശ്....എനിക്കു നീറുന്നു. ഇപ്പോഴേ ഇങ്ങനെ വേദനിപ്പിച്ചാലേ....ഇനി മുമ്പോട്ടു ഞാൻ എത്രമാത്രം വേദന തിന്നണം. അതിനാലെ ''കുരുന്നിലെ ക്ലുമ്പു് നുള്ളണ''മെന്നു് പറയുന്നതുപോലെ ഈ നഖങ്ങളുടെ നീളം ഉടനെ കുറയ്ക്കണം.

ജോയി; ഞാൻ തനിയെ കുറച്ചാൽ മതിയൊ?

മായ: പോരാ ഞാൻ ഇപ്പോഴതിൻെറ പാകത്തിനു മുറിച്ചുകൊള്ളാം.

ജോയി: (ചിരിച്ചിട്ടു്) ശരി. ഞാൻ അനുവദിച്ചിരിക്കുന്നു. എൻെറ മായയുടെ ഐഡിയാ എനിക്കുവളരെ ഇഷ്ടപ്പെട്ടു. ഞാൻ മറെറാന്നു ചോദിച്ചുകൊള്ളട്ടെ. മായ പിണങ്ങരുതു്,

മായ: (ദൃഢസ്വരത്തിൽ) ഇല്ല. ഞാനൊരിക്കലും പിണങ്ങുകയില്ല. ചോദിക്കു. എത്ര വേണമെങ്കിലും ചോദിച്ചോളൂ.

ജോയി: ഞാൻ മായയുടെ കവളിലൊന്നു പിച്ചി അല്ലെ?

മായ: അതെ പിച്ചി.

ജോയി: അല്പം തോലുപോയി. അല്ലേ?

മായ: അതെ. തോലുപോയി.

ജോയി: മായയ്ക്കു് വേദനിച്ചു. അല്ലെ?

മായ: അതെ. വേദനിച്ചു.

ജോയി: അതിനു മായ എൻെറ നഖം മുറിക്കുവാൻ നിശ്ചയിച്ചു അല്ലെ?

മായ: അതെ മുറിക്കുവാൻ നിശ്ചയിച്ചു.

ജോയി: ഞാൻ കിസ്സ് തരുമ്പോഴ എൻെറ പല്ലുകൊണ്ടു് മായയുടെ കവളിൽ അല്പം പോറലുണ്ടായാൽ

മായ എന്തുചെയ്യും. എൻെറ പല്ലേട്ടക്കം............
അല്ലേ?

മായ: (ചിരിച്ചു് മുഖം ജോയിയുടെ മുഖത്തേക്കു് ചേർക്കവാൻ ഭാവിച്ചുകൊണ്ടു്) അപ്പോഠം ഞാൻ ഇതുപോലൊരു കിസ്സ് തരും.

ജോയി: (ശിരസ്സു് എതിരെ തിരിച്ചുകൊണ്ടു്) അമ്മയിപ്പോഠം വരും.

(മുറിയുടെ വാതുക്കൽ വന്ന അന്നമ്മ അവിടെ നിന്നു. വെട്ടരുവാഠം മുറിക്കള്ളിലേക്കെറിഞ്ഞു.)

മായ: (കള്ളപ്പരിഭവത്തോടെ) അമ്മേ! ദേ! ഇതു കണ്ടോ. അമ്മേടെ മകൻ എൻെറ കവിഠം നുള്ളിപ്പറിച്ചതു്?

അന്നമ്മ: ഞാം കണ്ടുമോളേ, എല്ലാം കണ്ടു മോളേ!.....
ഇതൊക്കെ ഈ പ്രായത്തിനു പറഞ്ഞിട്ടൊള്ളതാ.

മായ: എന്നാലും....എൻെറയമ്മേ!....എനിക്കു നീറുന്നു.

അന്നമ്മ: നീറും മോളേ, നീറും. ഞാനും എന്തുമാത്രം നീറല്ല് സഹിച്ചവളാണന്നറിയാവൊ....മോളേ!..
....നമ്മള് നകത്തിൻെറ വേലയേ കണ്ടിട്ടൊള്ളു.
ചെല സ്ത്രീകള് കെട്ട്യോന്മാരുടെ കൈ, വെരലുനിവത്തും ചുരുട്ടിയുമൊള്ള വേല ഇപ്പൊഴും അനുബവിച്ചോണ്ടായിരിക്കണെ.

ജോയി; അങ്ങനെ പറഞ്ഞു കൊടുക്കമ്മെ! പറഞ്ഞുകൊടുക്കു്. മകളൊന്നു പഠിക്കട്ടെ.

മായ: (പരിഭവത്തോടെ) അമ്മ മകനെ പോരാത്തതൊക്കെ പഠിപ്പിച്ചോ.

അന്നമ്മ: (ജോയിയെ നോക്കിക്കൊണ്ടു്) എനിക്കു് പറഞ്ഞുകൊടുക്കാൻ പഴേപാടേ ഒള്ള കുഞ്ഞേ. അതുകൊണ്ടു മോൻ ഇപ്പോഴത്തെ പുതിയ പാഠങ്ങളൊക്കെ പഠിപ്പീരു്.

ജോയി; അതിനാലാണല്ലോമ്മെ മായയോടു എന്നെ പേരുവിളിക്കുവാൻ പറഞ്ഞതു്.

മായ: (ലജ്ജയോടെ) ഞാനെങ്ങിനെയാണമ്മെ പേരു് വിളിക്കുന്നതു്. എനിക്കപ്പിടിനാണമാകുന്നു.

അന്നമ്മ: മോളേ! ഈ നാണോം പേടീം ഒക്കെയെങ്ങമാററു്. ഇനി കാര്യം നോക്കു്. ഞാനൊരു പേരു പറയാം. അതി പഴേപാടോംഒണ്ടു പുതിയ പാടോം ഒണ്ടു്. ജോയിച്ചാന്നു വിളിച്ചോ.

ജോയി; (ചിരിച്ചുകൊണ്ടു്) അമ്മേ! അമ്മയാകുന്നു അസ്സൽ അമ്മായിയമ്മ.

മായ: അമ്മേ! മീൻ മൂടിയിട്ടുണ്ടോ. ഇല്ലേൽ പൂച്ച തിന്നും?

അന്നമ്മ: ഇല്ലമോളേ....പൂച്ച, പൂച്ച.....(അന്നമ്മ ഓടിപ്പോകുന്നു.) മായ അന്നമ്മയെ നോക്കി ചിരിക്കുന്നു.

മായ: (ജോയിയുടെ മുടി ചീകികൊണ്ടു്) ജോയിച്ചാ! നമ്മൾ ധാരാളം തമാശ് പറഞ്ഞു: ഇനിയെങ്കിലും കാര്യത്തിലേക്കു് കടക്കാം. ഉച്ചക്കു് ഞാൻ ചോറു കൊണ്ടു വന്നുകൊള്ളും.

ജോയി: വേണ്ട. ഈ പൊള്ളുന്ന വെയിലത്തു മായ നടക്കേണ്ട. ഞാൻ നടക്കുന്നതു മായക്കിഷ്ടമില്ലെങ്കിൽ നാളെമുതൽ രാവിലെ ഞാൻ ചോറുകൊണ്ടു പൊയ്ക്കൊള്ളാം.

മായ: വേണ്ട. തണുത്ത ചോറു് കഴിച്ചാൽ വയററിൽ അസുഖങ്ങളുണ്ടാകും.

ജോയി: ഓ! സാരമില്ല മായെ. കാട്ടുകോഴിക്കുണ്ടോ വിഷുവും ചങ്കരാന്തിയും ''എന്നു പറയുന്നതുപോലെ, ഉദ്യോഗസ്ഥന്മാർക്കു് തണുത്ത ചോറെന്നോ ചൂടു ചോറെന്നോ വല്ലതുമുണ്ടോ? അവർക്കു് ഒന്നേയുള്ളു. ആജ്ഞയും നിയമവും പാലിക്കണം. വേണ്ടിവന്നാൽ ചിലപ്പോൾ ഊണുകഴിക്കാതെയും ഇരിക്കേണ്ടിവരും.

മായ; ശരിയാണ്് ജോയിച്ചാ....പക്ഷെ, ഇന്നലെ മുതൽ ജോയിച്ചൻ ഒരു ഉദ്യോഗസ്ഥൻ മാത്രമൊ ഞാൻ വെറുമൊരു സ്ത്രീ മാത്രമൊ അല്ലല്ലൊ?

ജോയി: അതിനാലാണല്ലൊ ഞാൻ ഇങ്ങോട്ടു വരികയോ ചോറുകൊണ്ടുപോകയോ ചെയ്യാമെന്നു പറയുന്നതു്.

മായ: അതുകൊണ്ടു തന്നെയാകുന്നു ഞാനും പറയുന്നതു്. ചൂടുചോറു് ഞാൻ കൊണ്ടുവരാമെന്നു്.

അന്നമ്മ: (പ്രവേശിക്കുന്നു) മക്കളെ! നിങ്ങളാരും വെഷമിക്കേണ്ടു; ഞാൻ ചോറു് കൊണ്ടുവന്നോളാം.

ജോയി: വേണ്ട. അമ്മയൊട്ടും നടക്കേണ്ട.

മായ: അമ്മയും നടക്കേണ്ട. മോനും നടക്കേണ്ട ഞാൻ നടന്നുകൊള്ളാം.

അന്നമ്മ: മക്കളെ! തെങ്ങൊ, തേങ്ങായൊ മൂത്തതെന്നു ആരും ഇപ്പം തക്കിക്കേണ്ട. നേരം ഉച്ചയാകട്ടെ. അപ്പോ....തീരുമാനമൊണ്ടാകും, (ജോയിയെ നോക്കി സംശയത്തോടെ) മോനേ! ഈ....അപ്പീസർ ജോലിവല്ല കൈക്കൂലിയൊ വെട്ടുമേനിയൊ കിട്ടണ പണിയാണോ?

ജോയി: അമ്മേ! അതു് വിശ്വസിക്കുന്നവരെ വഞ്ചിക്കുകയല്ലെ, അങ്ങനെ വല്ലതും വേണമെങ്കിൽ ബാങ്ക് കൊള്ളടിക്കുകയോ കള്ളനോട്ടടിക്കുകയോ അല്ലെ നല്ലതു്?

അന്നമ്മ: ശരിയാണെ മോനെ. പിന്നേ....ചിലരൊക്കെ പെട്ടന്നു ആളുമ്മാരായതുകൊണ്ടു ഞാൻ ചോദിച്ചെന്നേയുള്ളു. എൻെറമോൻ അതിനൊന്നും പോകണ്ട. നമുക്കിതൊക്കെ മതി.

മായ: പഴച്ചെ തിന്നാൽ പനയും തിന്നാം. അല്ലെയമ്മെ!

അന്നമ്മ: അതേ! മോളേ! (ചിന്തിച്ചിട്ടു്)മോളേ! തങ്കച്ചനു എഴുത്തയക്കണകാര്യം മറന്നോ?

മായ: മറന്നില്ലമ്മെ. ജോയിച്ചനുംകൂടി വന്നിട്ടു രാത്രിയിൽ എഴുതാമെന്നു കരുതിയാ.

ജോയി: (ചിരിച്ചുകൊണ്ടു്) മായേ! രാത്രിയിൽ എഴുത്തെഴുതാനല്ല നേരം.

അന്നമ്മ: (ചിരിച്ചിട്ടു്) ഇതൊക്കെയൊ മോളെ പുതിയ പാടോന്നു ഞാം പറഞ്ഞെ.

ജോയി: മായേ! അളിയനുള്ള കത്തിന്റെ നക്കൽ ഇപ്പോഠം കുറിച്ചുവെക്കു്. മണി ഒൻപതുകഴിഞ്ഞു. എനിക്കു് ഓഫീസിൽ പോകുവാൻ സമയമായി. ഞാനിറങ്ങട്ടെ. അമ്മേ! മായേ! ടാററാ....

(അന്നമ്മയും മായയും ഒരുമിച്ചു്) ജോയിച്ചാ! ടാ....ററാ...

(ജോയി പോകുന്നു.)

മായ: (ലജ്ജയോടെ) ഹൊ....ഈ അമ്മച്ചിക്കു് നാണമില്ലയൊ ടാററാ കൊടുക്കുവാൻ.

അന്നമ്മ: നീ ഒന്നുപോടീ നെഗളി. അവനെന്റെ മകനാ. നീ ജോയിച്ചൻ പറഞ്ഞതനുസരിക്കു്.

(അന്നമ്മ പോകുന്നു. മായ മേശയിൽനിന്നു് പേപ്പറും പെന്നുമെടുത്തു കത്തെഴുതുവാൻ തുടങ്ങുന്നു)

* * * *

(പന്ത്രണ്ടുവയസ്സുപ്രായമുള്ള ഹമീദ് വരാന്തയിൽ പ്രവേശിച്ചു. ഡ്രസ്സ് കൈലിവേഷ്ടിയും, ഷർട്ടും. കൈവശം അടുക്കുപാത്രമുണ്ടു്.)

ഹമീദ്: (വരാന്തയിൽനിന്നും (സംശയത്തോടെ) ഇവിടെ ആരുമില്ലേ?

മായ: (ഇറങ്ങിവന്നു്) നിനക്കെന്തുവേണം നീ എവിടെനിന്നു വരുന്നു?

ഹമീദ്: ഞമ്മള പഞ്ചായത്താപ്പീശിന്നാ. ആപ്പീശറു സാറു ഞമ്മളെ ശോറിനു ബിട്ടതാ. ഒരു എയിത്തും തന്നിട്ടുണ്ട്.....ദാ....

(കത്ത് മായയെ ഏല്പിക്കുന്നു, മായ കത്തുവായിക്കുന്നു) പ്രിയ അമ്മേ മായേ! ഈ വരുന്ന ഹമീദുവശം എനിക്കു ചോറു കൊടുത്തയക്കണം. എന്ന് സ്വം: ജോയിച്ചൻ.)

അന്നമ്മ: കുഞ്ഞേതവിടുത്തെയാ മേനേ?

ഹമീദ്: ഞമ്മള കടമ്പിലെ കൊച്ചുമൈദീൻെറ മകനാ.

മായ: ഹമീദിന് പഞ്ചായത്താഫീസിലാണോ ജോലി.

ഹമീദ്: അല്ല.

അന്നമ്മ: പിന്നെവിടയാ ജോലി.

ഹമീദ്; ഞമ്മക്കെങ്ങും ഒരു ബേലേമില്ല.

മായ: ഹമീദ് ഏത്രവരെ പഠിച്ചിട്ടുണ്ട്?

ഹമീദ്: ഞമ്മള രണ്ടാംക്ലാസ്സ് ബരേ ഓതീട്ടൊള്ളു.

അന്നമ്മ: മോളേ കറിക്കു് കടുക് പൊട്ടിക്കാറായി. ഞാൻ ചെല്ലട്ടെ.

(പോകുന്നു)

മായ: (പാത്രം വാങ്ങിച്ചിട്ട്) ഹമീദെ! ഈ ബഞ്ചിലേക്കിരുന്നാട്ടെ. ചോറ് കാലമായി ഇനി പാത്രത്തിലെടുത്താൽ മതി. (മായ പോകുന്നു. ഹമീദ് ബഞ്ചിലിരിക്കുന്നു.)

(അന്നമ്മ കിണ്ടിയിൽ വെള്ളവുമായി വരുന്നു.)

അന്നമ്മ: ഹമീദെ! കൈ കഴുക്....അഞ്ചാറു ചോറുണ്ടേച്ചും പോകാം. നേരം ഉച്ചയായില്ലേ.

(ഹമീദ് കൈ കഴുകുന്നു)

* * * *

## രംഗം 2

(അന്നമ്മ രാവിലെ പള്ളിയിൽ പോയിട്ടുവന്നു വരാന്തയിലിരുന്നു കാപ്പി കുടിക്കുന്നു. കുട്ടികളുടെ പുറത്തോട്ട് നോക്കുന്നുണ്ട്. പെട്ടന്നവർ ദൃഷ്ടികാം പിൻവലിച്ചു. റൊട്ടിയും പഴവും വേഗം തിന്നുതീർത്തു. മിച്ചമുണ്ടായിരുന്ന കാഫി വലിച്ചുകുടിച്ചു. ഗ്ലാസും പാത്രവുമെടുത്തു വേഗമെഴുന്നേററു് മുററത്തേക്കു നോക്കിക്കൊണ്ടു്) നിങ്ങളെന്താ മക്കളെ ഇന്നലെ വരാഞ്ഞെ....?

(ജോയിയും മായയും പ്രവേശിക്കുന്നു. ഇരുവരുടേയും കൈവശം ഓരോ ബാഗുമുണ്ടു്. ഉറക്കമിളച്ചതിൻേറയും യാത്രയുടേയും ക്ഷീണം മുഖത്തു് നിഴലിച്ചിട്ടുണ്ടു്.)

ജോയി: ഇന്നലെ പോരുവാൻ ഞങ്ങാം ഒരുങ്ങിയതായിരുന്നു, പക്ഷേ ആരും അനുവദിച്ചില്ല. പ്രത്യേകിച്ചു് അമ്മച്ചി;

(ജോയി മുറിയിലേക്കുപോകുന്നു.)

മായ: അമ്മേ! ഇതെന്താണമ്മേ നിലത്തിരുന്നു കാപ്പികുടിക്കുന്നതു്. ആ മേശയിൽവച്ചു കുടിക്കരുതോ?

അന്നമ്മ: എനിക്കിങ്ങനെയൊക്കെ മതിമോളേ. ഞാം പഴേ മണ്ണല്ലേ. മണ്ണിലോട്ടു് ചേരാറായില്ലേ?

മായ: (പരിഭവത്തോടെ) രാജകന്യയായാലും പൂർവ്വജന്മം പുനഃപുനഃ എന്ന പഴമൊഴിപോലെ അമ്മയുടെ ഒരു വർത്തമാനോം പ്രവർത്തിയും....ഞാൻ തോററു. അമ്മേ!....ചേട്ടൻേറ കത്തുവന്നോ?

അന്നമ്മ: ഇല്ല മോളേ.

(മായ മുറിയിലേക്കു് പോകുന്നു)

ജോയി തിരികെ വരുന്നു.

അന്നമ്മ; മോനെ! കൈകഴുകു്. കാപ്പികുടിക്കാം.

ജോയി: വേണ്ടമ്മേ, ഞങ്ങാം പോന്നവഴിക്കു് കാഫി കുടിച്ചു. ഓഫീസ്സിലെത്തേണ്ട സമയം കഴിഞ്ഞു.

അന്നമ്മ: മോന്ന നേരം പോയങ്കി നിന്നോണ്ടൊരു കാപ്പിമാത്രം കുടിക്ക്. (അന്നമ്മ അകത്തേക്കോടി ഒരു ഗ്ലാസ് കാപ്പിയുമായി പെട്ടെന്നു വന്നു.)

ജോയി: (കാപ്പിവാങ്ങി കുടിച്ചിട്ട്) അമ്മേ! മായേ!....ടാ....ററാ

(അന്നമ്മയും മാലയും ഒരുപോലെ) ടാ....ററാ

അന്നമ്മ: മോളേ! നീ സാരിമാറിക്കഴിഞ്ഞില്ലേ. ഇങ്ങോട്ടു വന്നേ. ജോയിച്ചൻെറ വീട്ടിപോയിട്ടു എന്നാ ഒക്കെ ഒണ്ട് വിശേഷം. കാഞ്ഞിരപ്പള്ളി നല്ലദേശാണോ?

മായ: (അകത്തുനിന്നും) വിശേഷങ്ങൾപറയുവാൻ ധാരാളമുണ്ടമ്മേ. അമ്മയിങ്ങോട്ടുവാ.

അന്നമ്മ: ഇങ്ങോട്ടുവാമോളെ. നമുക്കീവരാന്തേലിരിക്കാം.

മായ: ഇവിടെ കട്ടിലിലോ കസേരയിലോ ഇരുന്നാ അമ്മയുടെ ചെവിക്ക് കേൾവി കുറവുമായിരിക്കും. അല്ലേ?....അമ്മച്ചിയുടെ ചില സമയത്തെ വത്തമാനം കേട്ടാൽ പഴയവീട് അമ്മച്ചിക്കും ഈ പുതിയമുറി ഞങ്ങൾക്കുമായി തിരിച്ചിരിക്കുകയാണെന്നു തോന്നിപ്പോകും.

അന്നമ്മ: ഞാനങ്ങനെയൊന്നും വിചാരിച്ചില്ല മോളേ. നിങ്ങള് കൊച്ചുപിള്ളാരല്ലേ. കൊച്ചുപിള്ളേക്ക് തമാശും വെളച്ചിലും കൂടുതലല്ലേ. അതുകൊണ്ടാ. മോക്കു പെണക്കമൊണേ....ഞാനങ്ങുവരാം.

മായ:(ഫോട്ടോകൾ എടുത്തുകൊണ്ട്) അമ്മച്ചിയിങ്ങുവന്നേ. ഞാനൊരു സൂത്രം കാണിക്കാം.

അന്നമ്മ: എന്നാ സൂത്രാമോളേ. (എഴന്നേല്ക്കുന്നു) തിന്നാൻ കൊള്ളാവുന്ന വല്ലസൂത്രോവാണോ....(നടന്നു കൊണ്ടു) മതിരോള്ളതാണങ്കിമതി എനിക്ക്.

(മായ അകത്തുനിന്നും ചിരിക്കുന്നു)

മായ; (ഫോട്ടോകൾ നീട്ടിക്കൊണ്ട്) അമ്മെ ഈ ഫോട്ടോ ആരുടെയാണെന്നു പറയാമൊ?

അന്നമ്മ: (ആശ്ചര്യത്തോടെ) മോളേ! ഇതുനിങ്ങളാണൊ....അതോ....വല്ല സായിപ്പും മദാമ്മേമാണോ?

മായ: അമ്മക്കെങ്ങിനെ തോന്നുന്നു?

അന്നമ്മ: തോന്നുണതു മക്കളൊണെന്നാ. പിന്നേ നിങ്ങടെ തലമുടി കണ്ടിട്ട്....ചീമേന്നു വന്നവരെപ്പോലെയിരിക്കണു.

മായ: അമ്മേ!....ഇതു കണ്ടോ!

അന്നമ്മ: ഇതു....നിങ്ങടെ അപ്പനും അമ്മേം.

മായ: അതേ.

അന്നമ്മ: മോളേ! തങ്കച്ചൻ വരുമ്പം നമുക്കെല്ലാവരുംകൂടി ഒരുമിച്ചിരുന്നൊരു പോട്ടോ എടുപ്പിക്കണം.

മായ: ഇക്കാര്യം ജോയിച്ചൻ പറഞ്ഞമ്മേ.

അന്നമ്മ: പിന്നെ വീട്ടിലെ വിശേഷങ്ങളൊക്കെ എന്നതാ....?

മായ: എൻെറയമ്മെ അതൊക്കെ വിസ്തരിച്ചു പറയുവാനാണെങ്കിൽ ധാരാളമുണ്ട്: ചുരുക്കിപ്പറഞ്ഞാൽഈ ബന്ധം ദൈവം നമുക്കുകൊണ്ടെതന്നതാ. അമ്മച്ചി! അവിടത്തെ അപ്പച്ചനും അമ്മച്ചിയും എത്രനല്ല മനുഷ്യരാണെന്നോ....അതുപോലെതന്നെ ആ ജ്യേഷ്ഠനും ജ്യേഷ്ഠത്തിയും അനുജനുമൊക്കെ.....ഞാനൊരു പാവപ്പെട്ടവളാണെന്നോ അവർവലിയവരാണെന്നോഉള്ളയാതൊരു ഭാവവുംഅവരുടെ ശ്വാസത്തിൽപ്പോലുംമനസ്സിലാക്കുവാൻ കഴിയുന്നില്ല. എന്തൊരു വാത്സല്യമാണമ്മോ. അമ്മേ! മനുഷ്യർക്ക് ഇങ്ങനെ സ്നേഹിക്കുവാൻ കഴിയുമൊഅമ്മേ?

അന്നമ്മ: മോളേ! ഇതാണ് 'ഉണ്ടുമുഷിഞ്ഞവരോട് ഉരുളയും കണ്ടുമുഷിഞ്ഞവരോടു കടോം കൊള്ളണമെന്നു' കാർന്നോമ്മാര് പറയണത്.

മായ: അമ്മേ! ഞങ്ങളു പോരുവാൻ തുടങ്ങിയപ്പോ അവർക്കെല്ലാവർക്കും എന്തു സങ്കടമായിരുന്നെന്നോ. എന്നെ ഒരാഴ്ചയെങ്കിലും അവിടെ താമസിപ്പിക്കുവാൻ അമ്മച്ചി വളരെ നിർബ്ബന്ധിച്ചു. ഞാനും നിർബ്ബന്ധിച്ചതാ. പക്ഷേ ജോയിച്ചൻ സമ്മതിച്ചില്ല. പിന്നേ....ഞായറാഴ്ച ഞങ്ങളുടുകൂട്ട ചെല്ലണമെന്നു പ്രത്യേകം പറഞ്ഞാണയച്ചിരിക്കുന്നതു്.

അന്നമ്മ: മോളെ! അവിടെ തേങ്ങായും റബ്ബറും ഉത്തിരി കിട്ടാനുണ്ടെന്നു പറഞ്ഞതു എന്തുരൊണ്ടു്?

മായ: തെങ്ങു ധാരാളമുണ്ടമ്മെ. പക്ഷേ, തേങ്ങാ കുറവാ, തെങ്ങിനെല്ലാം കാററുവീഴ്ചവന്നു പിന്നെറബ്ബറിഷ്ടംപോലെയുണ്ടു്.

അന്നമ്മ: (അത്ഭുതത്തോടെ കൈകൾ കൂപ്പിക്കൊണ്ടു്) എന്റെ തമ്പുരാൻ കർത്താവേ!

മായ: അമ്മേ! ഞങ്ങൾ പോരുവാൻ ഇറങ്ങിയപ്പോൾ ജോയിച്ചന്റെ ചില ഫ്രൺസുവന്നു. എന്തുസ്നേഹമായിരുന്നെന്നോ ഞങ്ങളോടു് ഒരു മാസമെങ്കിലും താമസിക്കണമെന്നാണു് അവരെല്ലാവരും പറയുന്നതു്. എന്റമ്മച്ചി! വാസ്തവം പറഞ്ഞാൽ എനിക്കു് അവിടേന്നുപോരുവാൻ ഒട്ടുംഇഷ്ടമില്ലായിരുന്നു....പിന്നേ....അമ്മച്ചിയേ ഓർത്താ.

അന്നമ്മ: (ചിരിച്ചിട്ടു്)ഓഹൊ ...മോൾക്കു്പോരാൻ ഇഷ്ടമില്ലാരുന്നു. അല്ലേ? (അർത്ഥഗർഭമായി) മോളേ!.......കണ്ണാടിവെക്കുമ്പം കാഴ്ചകൊറയുവല്ലുന്നോർത്താണം.

മായ: അതിനാലാണമ്മെ ഞങ്ങൾ വേഗം വന്നതു്. (പുറത്തേക്കു നോക്കിയിട്ടു്) അമ്മേ ഹമീദ് വരുന്നുണ്ടു്.

അന്നമ്മ: (ആശ്ചര്യത്തോടെ) മോളേ! അവി അളപ്പേലിട്ടില്ലല്ലോ. (അന്നമ്മ പോകുന്നു)

മായ: (പരിഭ്രമത്തോടെ) അയ്യോ! അമ്മേ! ഇനി എപ്പോഴാ ചോറു്കൊടുത്തു വിടുന്നതു്. ഞാനും വരാം, (മായ പോകുവാൻ ഭാവിക്കുന്നു. ഹമീദു് പ്രവേശിക്കുന്നു)

ഹമീദു്: (എഴുത്തു് നീട്ടിക്കൊണ്ടു്) സാറു്തന്നതാ. (മായ കത്തുവാങ്ങി പരിശോധിച്ചിട്ടു് അടുക്കളയിലേക്കു പോകുന്നു. ഹമീദു് വരാന്തയിലിരിക്കുന്നു.)

* * * *

(അന്നമ്മ അടുക്കളയിൽ അരി കഴുകിക്കൊണ്ടിരിക്കുന്നു)

മായ: അമ്മേ! ചേട്ടന്റെ കത്തു് വന്നിട്ടുണ്ടു്.

അന്നമ്മ: വേഗം വായിച്ചേ മോളേ.

മായ: (കത്തിൽ നോക്കിക്കൊണ്ടു്) പ്രിയ അമ്മേ! അളിയാ പെങ്ങളെ! അവിടെനിന്നും അയച്ച കത്തു കിട്ടി വിവരങ്ങളറിഞ്ഞതിൽ ഞാൻ വളരെയേറെ സന്തോഷിക്കുന്നു. എന്റെ ഈ കൊച്ചുഹൃദയം ആനന്ദത്തിൽ ആറാടുന്നു. ഈകത്തു് എന്റെ കയ്യിൽ കിട്ടിയ നിമിഷം തന്നെ ഞാൻ ഒൻപതുപ്രാവശ്യം വായിച്ചു. ഇനിയും ഞാൻ വായിക്കുന്നതാണു്. വായിച്ചു വായിച്ചു് എനിക്കു് തൃപ്തിയടയണം. എൻറയമ്മേ! ഇന്നുമുതൽ ഞാൻ സുഖമായി ഉറങ്ങും. അതിനെനിക്കു സാധിച്ചു, കുറെനാളുകളായി ഞാൻ ഉറക്കത്തെ തേടിനടന്നിരുന്നു. എന്നാൽ ഇപ്പോഴും ഉറക്കം എന്നെതേടി നടക്കുകയാണു്. വേദനകളോടെ നെടുവീർപ്പിടാതെയും മയക്കത്തിൽ ഞെട്ടി ഉണരാതെയും സമാധാനത്തിന്റെയും സംതൃപ്തിയുടേയും താരാട്ടിൽ എനിക്കു് സുഖമായി ഉറങ്ങുവാൻ ഇന്നു മുതൽ സാധിച്ചു.

അമ്മേ? പ്രിയപ്പെട്ട അളിയൻ എഴുതിയിരിക്കുന്നതു്, അമ്മയുടെ വാത്സല്യ സഹോദരിയും സൊന്തിയുമുള്ള

വിവാഹം ആർഭാടമായിട്ടല്ലെങ്കിലും തികഞ്ഞ സംതൃപ്തിയിൽ മംഗളമായി നടന്നു—എന്നു്.

അമ്മേ! അളിയൻെറ ഈ വാക്കുകഠംക്കു് വിലകല്പിക്കുവാൻ നമുക്കു സാധിക്കുമൊ. അദ്ദേഹത്തിൻെറ ഹൃദയവിശാലതയും മഹാമനസ്ക്കതയുമല്ലേ ഇതിൽനിരത്തിയിരിക്കുന്നതു്.

പ്രിയ അളിയാ!

അങ്ങു് ആഗ്രഹിക്കുന്നതുപോലെ ശാന്തിയിലും സമാധാനത്തിലും ഐശ്വര്യത്തോടുംകൂടി നമ്മുടെകൊച്ചുഭവനം വികസിക്കുന്നതിനായി നമുക്കു് ദൈവത്തോടുപ്രാത്ഥിക്കാം.

എൻെറ പെങ്ങളെ.

ഞാൻ നിനക്കയച്ചുതന്ന വിവാഹവസ്ത്രങ്ങളെക്കുറിച്ചു് നീ എഴുതിയതു് വായിച്ചപ്പോഠം എൻെറ ശരീരം കൊഠംമയിർക്കൊണ്ടു. അവകളുടെ കുത്തു പൊട്ടാതെയും ഒരിഴപോലും അകലാതെയും എന്നും എന്നും ഭദ്രമായി സൂക്ഷിക്കും എന്നു്. പ്രിയ പെങ്ങളെ, പിറന്ന സ്ത്രീകളിൽ ഒരുവളെങ്കിലും ഇന്നു വാങ്ങുന്നവസ്ത്രം നാളേക്കു്നല്ലതെന്നു പറയുന്നവരില്ല. എന്നാൽ എൻെറ പ്രിയപ്പെട്ട സഹോദരി! നിൻെറ മഹനീയഹൃദയം മററുള്ളവരിൽ നിന്നും എത്രയോ വ്യത്യസ്ഥപ്പെട്ടിരിക്കുന്നു. നീ മനുഷ്യസ്ത്രീയോ ദേവസ്ത്രീയോ. നീ എഴുതിയിരിക്കുന്നതുപോലെ നിൻെറ ഭത്താവു് മനുഷ്യപുത്രനല്ല ദേവപുത്രൻതന്നെ. നമ്മുടെവിശ്വാസം നമ്മെ പൊറുപ്പിക്കട്ടെ.

അമ്മേ! ആ മംഗള സുദിനത്തിൽ പങ്കുകൊള്ളുന്നതിനു് എനിക്കു് സാധിക്കാതെ വന്നതിൽ ഞാൻ വളരെ ഖേദിച്ചു. എന്നാൽ ഈ കത്തു് വായിച്ചതോടുകൂടി ആ കുറവു പരിഹരിക്കപ്പെട്ടു. നമ്മഠം എല്ലാവരും പ്രാത്ഥിച്ചു പ്രതീക്ഷിച്ചിരുന്നതുപോലെ നല്ലവനായ ദൈവം

നമ്മുടെ ആഗ്രഹം നമുക്കു സാധിച്ചുതന്നു. മേലിലും ഇ പ്രകാരമുള്ള അനുഗ്രഹങ്ങൾ ലഭിക്കുന്നതിനായി നമുക്കു് സ്നേഹനാഥനോടു പ്രാർത്ഥിക്കാം. ഫോട്ടോ ഉടനെ അയ ച്ചുതരണമേ.

എന്നു് സ്വന്തം തങ്കച്ചൻ.

അന്നമ്മ: മോളേ! മോൻ വരുന്ന കാര്യോന്നും എഴു തീട്ടില്ല്യെ?

മായ: ഇല്ല്യമ്മെ. അമ്മേ! പട്ടാളക്കാർക്കു് തോന്നു മ്പോഴൊക്കെ പോരാനൊക്കുമൊ?

അന്നമ്മ: (നെടുവീർപ്പോടെ) കല്യാണത്തിനു മോ നുംകൂടി ഒണ്ടായിരുന്നെങ്കി.

* * * *

(അന്നമ്മ ഒരു പാത്രത്തിൽ കുറെ പാവക്കയും മുള കും ഉള്ളിയും രണ്ടുകത്തിയുമായി വരാന്തയിൽവന്നിട്ടു്)

അന്നമ്മ: ഹമീദെ! മോനുംകൂടി ഈ മൊളകൊന്ന രിഞ്ഞെ. നമുക്കിപ്പം ചോറു് കൊണ്ടുപോകാം. അരി വെന്തു.

(ഹമീദ് മുളകരിയുന്നു.)

അന്നമ്മ: കുഞ്ഞിനു കുഞ്ഞിൻെറഅമ്മേ ഒട്ടുംഓർമ്മ യില്ല്യ അല്ല്യേ....?

ഹമീദ് (നെടുവീർപ്പോടെ) ഇല്ല്യ. ൻറുമ്മാനെ ഞ മ്മക്കൊരു പുടീമില്ല്യ.

അന്നമ്മ: അമീദിൻെറ രണ്ടാനമ്മ ചൊവ്വൊള്ളോ യിരുന്നെങ്കി നിന്നെക്കൂടെ പടിപ്പിക്കേലൊയിരുന്നോ?

ഹമീദ്: (സങ്കടത്തോടെ) ഞമ്മടെ ബാപ്പാക്കു് ചൊവ്വോണ്ടാരുന്നാലും തെയ്യാരുന്നു.

അന്നമ്മ: മോനു പടിത്തോണ്ടാരുന്നെങ്കി പഞ്ചാ യത്താപ്പീസി വല്ല്യ കണക്കൻ ജോലിക്കു ജോയിച്ചൻ ചേർത്തേനെ.

ഹമീദ്: (നീണ്ട ചിന്തയ്ക്കുശേഷം സങ്കടത്തോടെ) ഞമ്മക്കിപ്പം ഉമ്മായുമില്ല. ബാപ്പായുമില്ല. (കണ്ണുകൾ നിറയുന്നു)

അന്നമ്മ; മോൻ കരയാതെ. ഞങ്ങളൊക്കെ ഇവിടെയൊണ്ട്. ഞാൻ കുഞ്ഞിന്റെ ഉമ്മായും, മായകൊച്ചമ്മായും, ജോയിച്ചനും തങ്കച്ചനും വാപ്പായുമാണെന്നു കരുതിക്കൊ.

ഹമീദ്: ഞമ്മള കരേണില്ല. ഈ മൊളകറത്തിട്ടാ. ഞമ്മക്ക ശോറുതാ. താമസിച്ച സ്വാറു വായിക്കപാറേം.

മായ: (അടുക്കളയിൽനിന്നും) അമ്മേ! മുട്ടയ്ക്കുള്ള അരപ്പ് അരച്ചു കഴിഞ്ഞു.

അന്നമ്മ: എന്നാ മോളങ്ങു വേഗംചേർത്തേര്.

മായ: അമ്മയിങ്ങുവാ, ഞാൻ ചേർത്താൽ ശരിയാകുല്ല. വല്ല കുറേറാംവരും.

അന്നമ്മ: ഇല്ല മോളങ്ങു ചേർത്തോ, ഞങ്ങളിതരിയട്ടെ.

മായ: എനിക്കുപേടിയാകുന്നമ്മേ.

അന്നമ്മ: പേടിക്കൊന്നും വേണ്ടാമോളേ, ചൊവ്വേ അങ്ങു ചേർത്തോ. (ചിരിച്ചുകൊണ്ട്) പിന്നേ്യ.... മോളേ!....വല്ല കുറേറാംവന്നാ അവൻ നിന്നെപ്പിടിച്ചു നല്ല ഇടിതരും, ഞാൻ നേരത്തേപറഞ്ഞേക്കാം:

മായ: (പരിഭവത്തോടെ) അമ്മഎന്നെ ഇടികൊള്ളിപ്പിക്കാനല്ലെ....ഞാൻ....കൊണ്ടോളാം, ആരെങ്കിലും ഒരാളുവേണ്ടേ ഇടികൊള്ളാൻ.

അന്നമ്മ: ഞാൻതമാശ് പറഞ്ഞതല്ലെ മോളെ.

മായ: അമ്മ തമാശ് പറഞ്ഞതാ ഞാനിടികൊള്ളുന്നതും അമ്മക്കൊരു തമാശാ അല്ലേ?

അന്നമ്മ: ഓ....എന്റെ മോളു ഞാംകാരണം ഇടികൊള്ളേണ്ട, ഞാൻ ചേർത്തോളാം. (അന്നമ്മ പാവക്കയുമായിപോകുന്നു)

DHARMARAM COLLEGE LIBRARY BANGALORE 19425

മായ: ഹമീദെ! കൈകഴുകിക്കൊ. ചോറുകൊണ്ടു വരാം.

(ഹമീദ് കൈകഴുകി വരാന്തയിലിരിക്കുന്നു.)

മായ ആവി പറക്കുന്ന ചോറും കറിയും ഹമീദിനു് കൊണ്ടുകൊടുക്കുന്നു. പൊള്ളുന്ന ചോറിൽ തപ്പിയും തടവിയും കുറെ എടുത്തു ഉരുട്ടി വിഴുങ്ങി. നെഞ്ചിലെത്തിയ ഉരുള പൊള്ളിച്ചു. ഹമീദ് വേദന സഹിക്കാതെ ഞെളിപിരിക്കൊണ്ടു് നെഞ്ചു തിരുമ്മുന്നു)

അന്നമ്മ: (അടുക്കളയിൽനിന്നും) അമീദെ ചോറു വച്ചോണ്ടിരിക്കല്ലേ, നേരം തീരെപ്പോയി. വേകം വാരി ഉണ്ണണെ.

ഹമീദ്: ൻറള്ളോ! ഞമ്മടെ നെഞ്ചുരുകി ബള്ളമാമ്മേ....

മായ: ഹമീദേ! ചോറിൽ വെള്ളമൊഴിച്ചാൽവേഗം തണുത്തോളും.

(ഹമീദ്: കിണ്ടിയിൽനിന്നും ചോറിൽ വെള്ളമൊഴിക്കുന്നു)

## രംഗം 3

സമയം 5 P. M. ജോയി പ്രവേശിക്കുന്നു.

ജോയി: (പാക്കററിൽനിന്നും കത്തെടുത്തു മായയുടെ നേരേ നീട്ടിക്കൊണ്ടു്) മായേ! അളിയനുള്ള മറുപടി ഇത്രയും മതിയോന്നു നോക്കു.

അന്നമ്മ: മോളേ! ഒറക്കെ വായിച്ചേ.

മായ: പ്രിയ അളിയാ, അയച്ച കത്തുകിട്ടി. വിവരങ്ങാം അറിഞ്ഞതിൽ വളരെ സന്തോഷിക്കുന്നു. ഇവിടെ ഞങ്ങാംക്കെല്ലാവക്കും വളരെ സുഖംതന്നെ. ഞങ്ങാം ശനിയാഴ്ച വീട്ടിൽ പോയിരുന്നു. മായയേ എല്ലാവക്കും വളരെ ഇഷ്ടമാണു്. അപ്രകാരംതന്നെ മായക്കും. എല്ലാവരേയും വളരെ തൃപ്തിയാകുന്നു. അടുത്തശനിയാഴ്ച

ഞങ്ങടെ വീട്ടിലേക്ക് വീണ്ടും പോകും. മായ ഒരുമാസം അവിടെയായിരിക്കും. അളിയൻ എഴുതിയിരിക്കുന്നതുപോലെ നമ്മുടെ കുടുംബജീവിതം മംഗളമാകുന്നതിനായി നമുക്ക് ദൈവത്തിൽ ശരണപ്പെടാം. അളിയനെ നേരിൽക്കാണുവാൻ കൊതിക്കുന്നു, കഴിവതും വേഗം ലീവെടുത്തു വരണമെ,

എന്ന് സ്വന്തം ജോയിച്ചൻ.

N. B. ഇതോടൊപ്പം ഞങ്ങളുടെ ഫോട്ടോയുമയക്കുന്നു.

ജോയി: ഇനിഎന്തെങ്കിലും കുറിക്കണോമ്മെ....?

അന്നമ്മ: മതിമക്കളേ, വേഗം അയച്ചേര്.

* * * *

[മാസങ്ങടെ മൂന്നുകഴിഞ്ഞു. മായ ഗർഭവതിയായി ശരീരത്തിനു ക്ഷീണമുണ്ട്. അന്ന് അവിചാരിതമായി തളർച്ചയുണ്ടായി കിടപ്പിലാണ്]

മായ: (ദീനസ്വരത്തിൽ) അമ്മേ! എന്റെ നട്ടെല്ലു പൊട്ടിപ്പോകുവാൻ തുടങ്ങുന്നു. അയ്യോ....

അന്നമ്മ: മോളു കമന്നു കിടന്നേ. ഞാംതിരുമ്മാം. (മായ കമിഴ്ന്നു കിടക്കുന്നു. അന്നമ്മ തിരുമ്മുന്നു)

മായ: (പെട്ടെന്നു മലന്നു കിടന്ന് ഉദരത്തിൽ അമർത്തിപ്പിടിച്ചുകൊണ്ട്) എന്റമ്മോ! വയററിൽ അള്ളിപ്പിടിക്കുന്നതുപോലെ വേദനയാണ്.

അന്നമ്മ; (വയററിൽ തടവിക്കൊണ്ട്) മോളേ! വയററിലൊന്നും ഇല്ലാഞ്ഞിട്ടാ ഈ വേദന. ഇന്നു നേരം വെളുത്തിതുവരെയായിട്ടും മോളൊന്നും കഴിച്ചില്ലല്ലോ. എഴുന്നേററു വാ. ഇച്ചിരെ കഞ്ഞി കുടിക്കാം.

മായ: എനിക്കു വേണ്ട....ഞാൻ ഛർദ്ദിക്കും....

അന്നമ്മ; സാരമില്ല മക്കളേ. ഈ സമയത്തു ഓക്കാനോം ഛർദ്ദീം നൊമ്പരോം എല്ലാവർക്കും പതിവാ

ള്ളതല്ലേ. കൊറച്ചു കഞ്ഞി ഞാനിങ്ങു കൊണ്ടുവരാം.

മായ: വേണ്ടമ്മേ. കഞ്ഞിയുടെമണം പോലും എനിക്കു് സഹിക്കാൻ വയ്യാ. ഞാൻ ഛർദ്ദിക്കും (ഉദരം ഞെളിച്ചുകൊണ്ടു് തേങ്ങി) ഹെന്റമ്മോ വേദന സഹിക്കാൻ വയ്യായേ....

(അന്നമ്മ സാരിയിൽ സൂക്ഷിച്ചുനോക്കി അത്ഭുതത്തോടെ) ചോകര. (അവർ പുറത്തേക്കോടി, പെട്ടെന്നു തൊട്ടിയിൽ വെള്ളവും പഴയതുണിയുമായി പ്രവേശിക്കുന്നു)

*                *                *                *

(അന്നമ്മ ചിന്താമൂകയായി വരാന്തയിൽനില്ക്കുന്നു.)

ജോയി: (അന്നമ്മയെ സൂക്ഷിച്ചുനോക്കിക്കൊണ്ടു്) അമ്മേ! അമ്മക്കെന്തോണ്ടു് വല്ലാത്തൊരുവിഷാദം?

അന്നമ്മ: (സങ്കടത്തോടെ) മോനെ! അവടെ കുളി മാറിത്തുപോയി.

ജോയി: ആരുടെ.

അന്നമ്മ; മായേടെ.

ജോയി: (ചിന്താധീനനായി ഏതാനും നിമിഷങ്ങൾക്കുശേഷം) ഓ....സാരമില്ലമ്മെ. ചിലക്കു് ചിലപ്പോൾ ഇങ്ങനെയും സംഭവിക്കാം.

അന്നമ്മ: എന്നാലും മേനേ! ഒരു കുഞ്ഞിക്കാലുകാണാൻ ഞാൻ കൊതിക്കുവൊണ മോനേ, കൊതിക്കുവൊണു്.

ജോയി: അമ്മയുടെ ഈവലിയ ആഗ്രഹം ദൈവം നിറവേററിത്തരട്ടെ.

(അവൻ മുറിയിലേക്കു പോകുന്നു, മായ കട്ടിലിൽ പുതച്ചു മയങ്ങിക്കിടക്കുന്നു.)

ജോയി: (മായയെ സൂക്ഷിച്ചു നോക്കിയിട്ടു്) ഇതെപ്പോഴാണമ്മേ ഉണ്ടായതു്?

അന്നമ്മ: നാലുമണി കഴിഞ്ഞു.

(മായ എഴുന്നേല്ക്കുവാൻ ഭാവിക്കുന്നു)

ജോയി: മായേ! എഴുന്നേൽക്കേണ്ട. ഇപ്പോഴെന്താണ് വിശേഷം? ഞാൻ ഡോക്ടറെ കൂട്ടിക്കൊണ്ടു വരാം,

മായ: (ദീനതയോടെ) വേണ്ട ജോയിച്ചാ. ഇപ്പോഴാശ്വാസമുണ്ട്.

അന്നമ്മ: കൊറച്ചു മുമ്പാ മോനേ, മോളൊന്നടങ്ങി കെടന്നതു്. വയററീന്നു അതങ്ങു പോകുന്നതിനുമുമ്പ് ഇവിടെക്കെടന്നുരുളുവാരുന്നു.

ജോയി: ഇനി നമുക്കെന്താണമ്മേ ചെയ്യേണ്ടതു്?

അന്നമ്മ: ഏതെങ്കിലും ഡാക്ടറന്മാരേം കാണിക്കണം. അല്ലങ്കി നല്ല നെയ്യ് സേവിച്ചാലും മതി.

മായ: അമ്മേ! ജോയിച്ചനു് കാപ്പികൊടുക്കു്.

ജോയി; കാപ്പി പിന്നീടുമതി. ഞാൻചെന്നു ഡോക്ടറെ കൂട്ടിക്കൊണ്ടു വരട്ടെ.

(ജോയി പോകുന്നു)

* * * *

അന്നമ്മ: മോളേ! ഡാക്ടറും ജോയിച്ചനും വരുന്നൊണ്ടു്.

(ജോയിയും ഡാക്ടറും പ്രവേശിക്കുന്നു, അദ്ദേഹം മായയെ നന്നായി പരിശോധിച്ചിട്ടു്) മിസ്റ്റർ ജോയി എനിക്കു് ചില സംശയങ്ങളും ഉണ്ടു്, നമുക്കു് കോട്ടയത്തു് മെഡിക്കൽ കോളേജിലേക്കു കൊണ്ടുപോകാം. എക്സ്റേ നോക്കി രക്തവും പരിശോധിച്ചു ചികിത്സിക്കണം. തല്ക്കാലാശ്വാസത്തിനായി ഒരു ഇഞ്ചക്ഷൻ കൊടുക്കാം.

(ഡോക്ടർ ഇഞ്ചക്ഷനൊരുങ്ങി. ജോയി പുതപ്പു വലിച്ചു് മായയുടെ കാല്പാദങ്ങളും മൂടുന്നു)

* * * *

(ആഴ്ച ഒന്നുകഴിഞ്ഞു. അന്നമ്മ നിരാശയോടെ വരാന്തയിലിരിക്കുന്നു, പടിക്കൽ കാർവന്നുനിന്നു. അ

ന്നമ്മ സന്തോഷത്തോടെ ഇറങ്ങിച്ചെന്നു. ജോയിയും മായയും സാവകാശം നടന്നു പ്രവേശിക്കുന്നു. പിന്നാലെ അന്നമ്മയും.]

അന്നമ്മ: മക്കളെ ഒരാഴ്ചയായിട്ടും ക്ഷീണം മാറീല്ലെ. ആശ്ശുത്രീന്നെന്നാ വിശേഷം പറഞ്ഞേ?

മായ: (സാവകാശം കട്ടിലിൽ കിടന്നിട്ട്) അമ്മേ ചേട്ടന്റെ എഴുത്തു വന്നോ?

അന്നമ്മ: ഇല്ല മോളെ! ആശ്ശുത്രിന്നെന്നാ പറഞ്ഞു വിട്ടെ?

ജോയി: (ശാന്തമായി) മായയുടെ ഗർഭപാത്രത്തിനു കേടുണ്ട്. ഗർഭം തുടങ്ങുമ്പോൾ ഗർഭപാത്രം വികസിക്കുകയില്ല. അതിനാൽ പത്തുമാസംവരെ ഗർഭംവളരുകയില്ല.

അന്നമ്മ: (അന്ധാളിച്ച്) ങ്ഹേ....(ഏതാനും നിമിഷം ചിന്തിച്ചിട്ട്) ആവട്ടെ. ഗർഭൊണ്ടായാൽ എട്ടു മാസംവരെ നിക്കൊ....?

ജോയി: അവർ സംശയം പറഞ്ഞു. നല്ല പോഷകാഹാരങ്ങൾ കഴിക്കയും പഥ്യം ആചരിക്കയും ചെയ്താൽ ദൈവം തിരുമനസ്സെങ്കിൽ ഒരു പക്ഷേ പ്രസവിച്ചേക്കാം.

അന്നമ്മ: (നെഞ്ചിൽ കൈവച്ചുകൊണ്ട്) എന്റെ ദേവമാതാവേ! ഇതെന്തൊരു പരീഷയാണോ?

മായ: സാരമില്ലമ്മെ. ദൈവം നമ്മുടെ കൂടെയുണ്ട്. അമ്മേ! ജോയിച്ചനു കാപ്പികൊടുക്കെ.

ജോയി: മായ പാലു് കുടിക്കെ. ഞാൻ കുളികഴിഞ്ഞുവരാം. (ജോയി പോകുന്നു.)

അന്നമ്മ: (പാലുമായി പ്രവേശിക്കുന്നു) മോളേ! എഴുന്നേറ്റ്. ചൂടുപോകുന്നതിനുമുമ്പ് ഇതങ്ങുകുടിച്ചേ.... ഞാൻ അടുക്കളേലോട്ടു ചെല്ലട്ടെമോളെ. ജോയിച്ചനു അപ്പീസി പോകണ്ടേ.

(മായ എഴുന്നേററിരുന്നു. അന്നമ്മ ഗ്ലാസ് കൊടുത്തിട്ടു പോകുന്നു. മായ ചിന്താധീനയായിരിക്കുന്നു. പാലിൻെറ ചൂടുകുറഞ്ഞു. ആവിതാണു. മായയുടെ ചിന്തകാംക്ക് ചൂടു വർദ്ധിക്കുന്നു.)

ജോയി: മായേ? എന്താപാലുകുടിക്കാത്തതു്, ചൂടു പോയിരിക്കുമല്ലൊ. (ഗ്ലാസിൽ തൊട്ടിട്ടു്) ഇല്ല. ദാ വേഗം കുടിക്കു. (ഗ്ലാസ് എടുത്തു നീട്ടുന്നു)

മായ: ഞാൻ കുടിച്ചുകൊള്ളാം. ജോയിച്ചൻ വേഗം കുടിക്കെ. ഓഫീസിൽ പോകേണ്ടേ. (ഗ്ലാസ് വാങ്ങുന്നു.)

ജോയി: (മുടി ചീകികൊണ്ടു് എനിക്കു് കുടിക്കാമല്ലൊ. ഒള്ള ചൂടു കുറയാതെ മായ വേഗം കുടിക്കു.

മായ: ജോയിച്ചാ! അടുത്തുവന്നേ. (ജോയി അടുത്തു നിക്കുന്നു) ആ ചീപ്പ് ഇങ്ങുതരു. ഞാൻ ചീകാം.

ജോയി: മായേ! ഈ പിള്ളകളിയൊക്കെ കളയു. അതെല്ലാം ഒരാഴ്ചകൂടി കഴിഞ്ഞു്, എൻെറ മായയുടെ ശരീരത്തിനു് ആരോഗ്യം ഖീണ്ടുകിട്ടിയിട്ടു്.

മായ: ജോയിച്ചാ! എൻെറ ശരീരത്തിനല്ല മനസ്സിനാണു് ആരോഗ്യമാവശ്യം.

ജോയി: മായേ! ഈ നിസ്സാരകാര്യത്തിനാണോ മായ വേദനിക്കുന്നതു്? (ചിരിച്ചുകൊണ്ടു്)

മായേ! കടിഞ്ഞൂൽ ഫലവും പസാരവും പള്ളിക്കു കൊടുക്കണമെന്നല്ലേ പ്രമാണം. (രണ്ടുപേരും ചിരിക്കുന്നു. ജോയി മായയുടെ ശിരസ്സിൽ തലോടി കവിളിൽ പിടിക്കുന്നു.)

മായ: ശോ....എനിക്കു നോവും.

ജോയി: എൻെറ കൊച്ചുകള്ളി നിൻെറ കവിളിലൊന്നു തൊട്ടുനോക്കു. എൻെറ പല്ലെടുക്കാററായോന്നു.

(മായ ഒരു പുഞ്ചിരിയോടെ കിടക്കുന്നു)

മായെ! മായയുടെ ആ പഴയ സ്വഭാവങ്ങളൊക്കെ കളയണം. കൃത്യസമയത്തുതന്നെ ആഹാരവും മരുന്നും കഴിക്കണം. അസുഖം മാറുന്നതുവരെ മുററത്തുപോലുമി റങ്ങരുതെ. മനസ്സിലെ ആ ചിന്തയും കളയണം, (ചിരിച്ചിട്ട്) ഇനി ഒരാഴ്ചത്തേക്ക് ഞാൻ മായയുടെ ഡോക്ടറാണ്.

(മായയും ജോയിയും ചിരിക്കുന്നു) ഞാൻ ഓഫീസിൽ പോകട്ടെ. മായേ! ടാററാ....

മായ; ജോയിച്ചാ! ടാററാ....

* * * *

(മായ കട്ടിലിൽ കിടന്നു ദിനപ്പത്രം വായിക്കുന്നു. ഹമീദ് പ്രവേശിക്കുന്നു.)

മായ: ഹമീദേ! എന്താ ഇന്നു പതിവിലും നേരത്തേ....?

ഹമീദ്: ബാപ്പാ പറഞ്ഞീ ഞമ്മങ്ങളോട്ട ബക്കം ചെന്നീ വല്യമ്മായെ സഹായിക്കാൻ. ഒരു കത്തുമുണ്ട്. (കത്ത് കൊടുക്കുന്നു)

അന്നമ്മ: (പ്രവേശിച്ചിട്ട്) ആരുടെയാ മോളേഎഴുത്ത് വേഗം വായിച്ചേ.

മായ: ചേട്ടൻേറയാണമ്മെ (മായ കത്തുവായിക്കുന്നു) പ്രിയമുള്ള അമ്മേ, അളിയാ, പെങ്ങളെ, അളിയനെ കാണുവാനായി ഞാൻ ലീവ് കിട്ടുന്ന ദിവസവും കാത്തു കാത്തിരിക്കുകയാണു്, ഇനി മൂന്നുമാസത്തിനകം ലീവു് കിട്ടും. മററു പറയത്തക്ക വിശേഷങ്ങളൊന്നുമില്ല. എല്ലാവർക്കും സുഖമെന്നു് വിശ്വസിക്കുന്നു,

എന്നു് സ്വ: തങ്കച്ചൻ.

അന്നമ്മ: മോളേ! മരുന്നു കുടിക്കാറായില്ലേ?

മായഃ മരുന്നു് ഞാനെടുത്തു കുടിച്ചുകൊള്ളാം.

അന്നമ്മ: (മരുന്നെടുത്തുകൊണ്ടു്) അമീദേ! കൊച്ചുമ്മാ സൂക്കേട്ട വന്നപ്പിന്നെ തീരെ മെലിഞ്ഞുപോയി. അല്ലേമോനേ....?

ഹമീദ്: ശരിയാണമ്മാ....ഉമ്മാ!....ചെലക്ക് സൂക്കേട്ട് ബന്നത്തു് നല്ലതാ....എന്നാലെ അബരു് പടച്ചോനെ ഓർക്കുള്ള.

മായ; ഹമീദെ! അപ്പോഴും ഞാൻ ദൈവത്തെ ഓർക്കുന്നില്ലെന്നാണോ മോൻ പറയുന്നതു്'?

ഹമീദ്: അല്ലല്ലാ. ഞമ്മള് കൊച്ചുമ്മാന്റെ കാര്യമല്ല ബറഞ്ഞേ. ബേറേ ശെലരുടെ കാര്യംബറഞ്ഞേ. പിന്നെ....കൊച്ചുമ്മായും പടച്ചോനും തമ്മി ഒരു ബിത്യാസോമില്ലല്ലോ. പടച്ചോനുംമായ, കൊച്ചുമ്മായുംമായ, (അവർ ചിരിക്കുന്നു)

അള്ളോ!....ഞമ്മടെ എളാമ്മക്ക് സൂക്കേട് ബന്നങ്കി....

മായ: ഇങ്ങനെയൊക്കെ പറയാതെ കുഞ്ഞേ.

ഹമീദ്: ഞമ്മള് പറഞ്ഞതല്ലുമ്മ. ഞമ്മളേക്കൊണ്ടു പറയിപ്പിച്ചതാണ്....പറയിപ്പിച്ചതു്.

അന്നമ്മ: അമീതെ ഇങ്ങനെയൊന്നും ഇനി പറയരുതു് കേട്ടോ.

ഹമീദ്: ഇല്ലയില്ല.

അന്നമ്മ: അമീതെ നമുക്കടുക്കളയിലേക്കുപോകാം.

മായ: ഹമീദെ വേഗം പോകൂ. മണി പന്ത്രണ്ടാകാറായി.

(അന്നമ്മയും ഹമീദും പോകുന്നു)

* * * *

# രംഗം 4

(പാവാടയും ബ്ളൗസുമണിഞ്ഞു് ഭവാനി വരാന്ത തുടയ്ക്കുന്നു, ഹമീദ്് പ്രവേശിക്കുന്നു)

ഹമീദ്; (ഭവാനിയെ സൂക്ഷിച്ചുനോക്കിക്കൊണ്ടു് നീ ഏതാടി പെണ്ണേ?

ഭവാനി: എൻെറ വീട്ട് അക്കരയാ?

ഹമീദ്: (ജിജ്ഞാസയോടെ) അക്കരയെവിടയാ?

ഭവാനി; അക്കര അറിഞ്ഞു ടെ? (പരിഹാസഭാവത്തിൽ ചിരിച്ചിട്ട്) കായലിനക്കരയാ അക്കര.

ഹമിദ്: (പരിഹാസ രൂപേണ) ങ്ങാ....ഹാ....കായലിനക്കരയാ അക്കര അല്ലേ? ഞമ്മള് ബിജാരിച്ച്.... അക്കര അക്കരേന്നു പറഞ്ഞാല്...കടലിന്നപ്പുറത്താണെന്നു്.

ഭവാനി: (പരിഭവത്തോടെ) എന്നെ കളിയാക്കുവാണല്ലേ?

ഹമീദ്: ഞമ്മള് കളിയാക്കുല്ല? ജി ഞമ്മളയാ കളിയാക്കിത്തു്.

ഭവാനി: ഞാൻ കളിയാക്കീല്ല.

ഹമീദ്: എന്നാപ്പറ. നിൻെറ ബീടെബ്ബിടയാ?

ഭവാനി: അക്കര പള്ളിപ്പൊറത്താ.

ഹമീദ്: (ചിരിച്ചിട്ട്) ങ്ങാ അങ്ങനെബരട്ടെ... അപ്പോ....നീ എങ്ങനെ ബന്നു...കരക്കു ബന്നോ ബഞ്ചിക്കു ബന്നാ....?

ഭവാനി: (ഈർഷ്യയോടെ,) ഞാൻ പറന്നുവന്ന

ഹമീദ്: (ചിരിച്ചിട്ട്) ഭേഷ്, ഭേഷ്, നിന്നെ പ്പോലെ ഒരു കൊച്ചിനെ തേടിക്കൊണ്ടിരിക്കാരുന്നു.

ഭവാനി: എന്നാത്തിനാ?

ഹമീദ്: ഇബിടെ തീ ഊദാനം പാത്രംമെഴ്ക്കാനും.

ഭവാനി: മ്....ഞാൻ കൊറെ ഊത്തുവേം കഴുകു വേം ചെയ്യും. മ്....ചെയ്യും....ചെയ്യും.

ഹമീദ്: പിന്നെന്തിനാ ബന്നെ?

ഭവാനി: ജോലി ചെയ്യിക്കാൻ.

ഹമീദ്: ആകരിക്കെണ്ടോ?

ഭവാനി: (ഹമീദിൻെറ മുഖത്തേക്കു് നോക്കി) പേ രു് അമീദ്ന്നാണോ?

ഹമീദ്: (ചിരിച്ചിട്ട്) ങ്ഹാഹാ....എന്താ?

ഭവാനി: ഇവിടെ അമീദെന്നു പേരുള്ള ഒരു പയ്യ നുണ്ടായിരുന്നൊ?

ഹമീദ്: ഉണ്ടാൻ അബനിന്നു കായത്താ പോയ ത്. എന്താ ബിസേസം?

മായ: (അഹങ്കാരത്തോടെ) അവൻ വല്ല്യപുള്ളിയാ ണെന്നാ കേട്ടത്. ഉരുളക്കിഴങ്ങ് അറുക്കാനേല്പിച്ചാൽ പകുതി കട്ടുതിന്നും.

ഹമീദ്: നേരാ, നേരാ അബൻ ബല്ല്യ പുള്ളിയാ, ബല്ല്യപുള്ളി. അപ്പോയേ നീ പിന്നെ എന്തിനാ ബ ന്നേ ശ്രുട്ടുതിന്നാനാ....?

ഭവാനി: ഞങ്ങടെ കുടുംബത്തിൽ ഇന്നുവരെ ആ രും കട്ടുംതിന്നിട്ടില്ല, ചുട്ടും തിന്നിട്ടില്ലാ. വറത്തേ തിന്നിട്ടൊള്ളു.

ഹമീദ്: മ്‘...നീ ബറത്തുതിന്നും തിന്നും തിന്നും ബറത്തുതന്നേ തിന്നും

ഭവാനി: ഞാൻ വറത്തുതന്നെ തിന്നും.

ഹമീദ്: (കോപത്തോടെ) ങ്ങാഹാ! അച്ചറക്കായോ. ഇരിക്കണെമുമ്പേ കാല്യ നീട്ടുമ്പാണോ? ഞമ്മള്ള നീട്ടിച്ചേക്കാം, (ഹമീദ് പോകുന്നു)

(ഭവാനി ചിന്താമൂകയായി നില്ക്കുന്നു)

* * * *

(മായ കട്ടിലിൽ കിടന്നുകൊണ്ട് കർച്ചീഫ് തുന്നുന്നു. ദുഃഖിതനായ ഹമീദ് സാവകാശം പ്രവേശിക്കുന്നു)

ഹമീദ്: (സങ്കടത്തോടെ) കൊച്ചമ്മാ ഞമ്മക്കൊരപേച്ചയൊണ്ട്. ഞമ്മള്ള പോകുമ്പാ, ഇനി ഇമ്പിടെ ബരിയേല.

മായ: (അത്ഭുതത്തോടെ) എന്താടാ ഹമീദ് ഈ പറയുന്നതു്?

ഹമീദ്: (പരിഭവത്തോടെ) ഇനി ഞമ്മക്കബിടെ ബേലക്ക ബയ്യാ,

മായ: എന്താടാ കാരണം പറയൂ.

ഹമീദ്: ഇബിടെ ഒരുബപറത്തു തീററക്കാരി ബന്നിട്ടുണ്ട്. ഞങ്ങള്ള തമ്മി നാറംപ്പൊരിത്തില്ല.

മായ: ആരാടാ ഭവാനിയാണൊ?

ഹമീദ്: അതെ,

മായ: അവളെന്തു പറഞ്ഞു,

ഹമീദ്: അവളെന്നെക്കൊണ്ട തീ ഊതിക്കേം പാത്രം കയീക്കേം ഒക്കെ ചെയ്യിക്കുന്നു.

മായ: ഭവാനി....ഭവാനീ!....

ഭവാനി: ന്തോ....(ഭവാനി പ്രവേശിക്കുന്നു.)

മായ: ഭവാനി ഹമീദിനോടെന്താ പറഞ്ഞതു്?

ഭവാനി: (സങ്കടത്തോടെ) അയ്യോ! ഈ ചേട്ടൻെറ പേരു് അമീദന്നാണെന്ന് ഞാനറിഞ്ഞില്ല. (മായയേ

നോക്കിക്കൊണ്ട്) കൊച്ചമ്മേ എന്നോട് ക്ഷമിക്കണം. ഞാനറിയാതെ പറഞ്ഞതാ.

മായ: ശരിയാടാ ഹമീദെ. അവരം നിന്നെ ആള റിയാതെ പറഞ്ഞതാ.

ഹമീദ്: (അഹങ്കാരത്തോടെ) കൊച്ചമ്മാ! എന്നാ ലും ഇബള ബന്നല്ലേയുള്ള. ഒരു മാസേങ്കിലും ശോറ് തിന്ന് കൊന്നയായിട്ട ബേണ്ടേ ഇങ്ങനെ മൂക്കാൻ

മായ: ഹമീദെ! സാരമില്ലടാ. (ഭവാനിയോട്) ഭവാനീ! മേലിൽ ഇങ്ങനെയൊന്നും പറയരുതു കേട്ടോ.

ഭവാനി: ഇല്ല കൊച്ചമ്മെ.

മായ: രണ്ടുപേരും പൊയ്ക്കോള്ള.

(അവർ പോകുന്നു.)

* * * *

(ഹമീദും ഭവാനിയും വരാന്തയിൽ)

ഭവാനി: (സങ്കടത്തോടെ) അമീദ് ചേട്ടാ! എ ന്നോടുക്ഷമിക്കണം.

ഹമീദ്: ഞമ്മള ചെരമിച്ചിരിക്കണ ഭവാനി.

ഭവാനി: ഇതു സത്ത്യമാണോ ചേട്ടാ?....അല്ലേൽ ഞാനിവിടുന്നു പോകും.

ഹമീദ്: (ഭവാനിയുടെ കൈവെള്ളയിൽ അടിച്ചി ട്ട്) ശത്ത്യം. ഭവാനീ....നിനക്കുവേണ്ടി ഞമ്മള ബ. മീനെപ്പോലെ ചെരമിച്ചിരിക്കുന്നു. ഇനീം എത്ര ബേ ണ്ടേലും ഞമ്മള ചെരമിക്കാം. എന്നാലും നീ ഇബിടുന്ന പൊക്കുടാ. ഭവാനിണ്ടങ്കിലെ ഞമ്മക്കല്പം ബിശ്രമം കിട്ടു. ഞമ്മളിണ്ടങ്കിലെ നിനക്കും ബിശ്രമിക്കാനെ ക്കൊണ്ടൊക്കു. ഇത് ശത്ത്യം. ശത്ത്യം പടച്ചോനാണേ ശത്ത്യം.

ഭവാനി: (സംതൃപ്തിയോടെ കണ്ണുകളടച്ചുകൊണ്ട്) എന്റെ പൊന്നു ചേട്ടാ!

(ഹമീദിനെ വീണ്ടും നോക്കി ചിരിച്ചുകൊണ്ടു്) അപ്പോറം ചേട്ടനിവിടത്തെ പുതുപ്പുള്ളിയല്ല, അല്ലേ?....

ഹമീദ്: അല്ലല്ലാ....നമ്മളിവിടത്തെ ജെയിൽപ്പുള്ളിതന്നെയാ....ഈ തൊറന്ന ദുനിയാവിലെ ജെയിൽപ്പുള്ളി.

(രണ്ടുപേരും ചിരിക്കുന്നു.)

ഹമീദ്: ഭവാനി നീ ബര്വ. ഞമ്മളുതമ്മി ഒത്തുതീപ്പിലായ ബിബരം ചെരണം കൊച്ചമ്മാനെ അറിയിക്കണം. ബരു.

(അവർ പോകുന്നു.)

* * * *

(മായ തുന്നൽ തുടൻകൊണ്ടിരിക്കുന്നു.)

(ഹമീദും ഭവാനിയും പ്രവേശിക്കുന്നു.)

ഹമീദ്: (സന്തോഷത്തോടെ) കൊച്ചമ്മാ! കൊച്ചമ്മാ!! ഞങ്ങ തമ്മി കൂട്തൽ പൊരുത്തപ്പെട്ടു.

മായ: ഓഹൊ! എങ്ങനെ?

ഹമീദ്: ഞങ്ങടെ രണ്ടുബേരടേം നാളു് മാററി. ഞമ്മടെ കാർത്തികേം ഭവാനീടെ മകബു മാക്കി. ഇപ്പോ പൊരുത്തബായില്ലേ കൊച്ചമ്മാ... ?

മായ: (ചിരിച്ചിട്ടു്) ഹമീദെ! കാര്യം പൊരുത്തമുണ്ടെങ്കിലും ആറുവർഷം കഴിയുമ്പോറം കാലു് ദൂഷ്യമുണ്ടല്ലോടോ.

ഹമീദ്; അതു ശാരമില്ലമ്മോ. കാലു്ബരുമ്പേക്കും ഞങ്ങള് ബിടന്നു സലം ബ്ബിട്ടോളും.

* * *

ഗർഭിണിയായ മായ വരാന്തയിലിരുന്നു പത്രം നോക്കുന്നു.

അന്നമ്മ: (പ്രവേശിച്ചിട്ടു്) മോളെ! ഒന്നൊറക്കെ വ്വായിച്ചേ.

മായ: (പത്രത്തിൽ നോക്കിക്കൊണ്ടു്) ഇൻഡ്യയുടെ വടക്കൻ അതിർത്തികളിൽ പാക്കിസ്ഥാൻ നുഴഞ്ഞുകയററക്കാരുടെ ശല്ല്യം വർദ്ധിച്ചിരിക്കുന്നു. അവർ നമ്മുടെ ഗ്രാമവാസികളെ ഭയപ്പെടുത്തി വളർത്തുമൃഗങ്ങളും ഭക്ഷണസാധനങ്ങളും കൊള്ളയടിച്ചുകൊണ്ടുപോകുന്നു. നമ്മുടെകാവൽഭടന്മാർഅവരെ വിരട്ടി ഓടിക്കുന്നുണ്ടു്.

(ചൂടാറാത്ത ഈ വാർത്ത മായ ആവേശകരമായി വായിക്കുന്നു. കത്തിയുമായി വരാന്തയിൽ വന്ന ഭവാനി പത്രവാർത്തയിൽശ്രദ്ധിച്ചു നില്ക്കുന്നു.)

അന്നമ്മ: ഭവാനി! മോളേ! നീ ഇവിടെ ഇതും കേട്ടോണ്ടു നിന്നാലെ ജോലി നേരത്തും കാലത്തും തീരുവൊ. നീ വന്നിട്ടിപ്പം മൂന്നു മാസം കഴിഞ്ഞില്ലെ. ഇത്രേം പ്രായോവായില്ലെ. ഒരു മൊളകുപോലുംചൊവ്വേ അരക്കാൻ അറിയില്ലല്ലൊ? മോളേ! നീ ഇങ്ങനെ ഒന്നും പഠിക്കാതേം നോക്കാതേം നടന്നാലെ നിന്നെ കേട്ടുന്നോൻ പിടിച്ചുനല്ല ഇടിയിടിക്കും. ഞാംപറഞ്ഞേക്കാം,

മായ: ഭവാനി. മോളു മുളകരക്കേണ്ട ഞാനരച്ചു കൊള്ളാം.

ഹമീദ്: (അടുക്കളയിൽ നിന്നും ഉറക്കെ) കൊച്ചുമ്മാ!

(ഹമീദ് പ്രവേശിക്കുന്നു.) കൊച്ചുമ്മാ മൊളകരിക്കണ്ട. ഞമ്മളരിക്കം.

(വികാരാവേശത്തോടെ) ഭവാനീൻെറ പുതിയാപ്പ്ല ഇബളെ പെററ ബാപ്പാപോലും തൊടാൻ ഞമ്മളു ശമ്മദിക്കില്ല. (നെഞ്ചിലടിച്ചുകൊണ്ടു്) ഉമ്മാ! കൊച്ചുമ്മ!! ബറും ഹമീദല്ല ഈ പറേണെ.കൊച്ചമിദാണു്. കടപ്പിൽ അമ്പൂട്ടി മൈദീൻെറ മകൻ കൊച്ചമീദ്. ഭവാനീ ഓള് മൊളക്കെട്ടത്താ. ഇന്നുമൊതല് ഞമ്മളരച്ചു

കൊള്ളാം. എന്നാലും ഞമ്മ ടെ ഉമ്മാനിക്കൊണ്ട ഞമ്മ ള മൊളകരപ്പിക്കത്തില്ല....പടശ്ശോനാണെ സത്ത്യം.

അന്നമ്മ: (ആരോടെന്നില്ലാതെ.) ഇവൻെറയൊക്ക തലയിരിക്കണെടത്തു കഴത്തുവരുമ്പം ലോകം അവ സാനിക്കുല്ലിയോ തമ്പരാനെ.

ഹമീദ്: (നടന്നു കൊണ്ട്) ഉമ്മാക്ക് മരിക്കാനെ ക്കൊണ്ട ബയാണങ്കി നാളെമൊതലു ഞമ്മള തലേം കു ത്തി നടന്നോളാം. (അവൻ പോകുന്നു).

(മററുള്ളവർ ചിരിക്കുന്നു)

അന്നമ്മ: മോളേ! തങ്കച്ചൻ ഈ മാസത്തി വരുമെ ന്നല്ലേ കഴിഞ്ഞ എഴുത്തു്?

മായ: അതേമ്മെ.

അന്നമ്മ: (ചിന്തിച്ചിട്ട്) പത്രത്തെ കണ്ടതു് നേ രാണങ്കി വല്ലകൊഴപ്പോം....

മായ: എന്നാലും പേടിക്കേണ്ടമ്മെ, അതങ്ങു വട ക്കല്ലേ. (പുറത്തേക്കു് നോക്കിക്കൊണ്ട്) അമ്മെ! ജോ യിച്ചൻ വരുന്നുണ്ടല്ലോ.

(അവർ എഴുന്നേല്ക്കുന്നു.)

അന്നമ്മ: എന്താമോനെ. ഇന്നു ജോലിയില്ലേ? ഈ പതിവില്ലാത്ത നേരത്തു്?

ജോയി: (മ്ളാനവദനനായി പ്രവേശിക്കുന്നു. പ ക്കലുള്ള കത്ത് മായയുടെ നേരേ നീട്ടിക്കൊണ്ട്) അ മ്മെ! അളിയൻെറ കത്തുണ്ട്.

അന്നമ്മ: എന്നതാ മക്കളെ വിശേഷം?

ജോയി: അമ്മേ! കാര്യങ്ങൾ വളരെ ഗൗരവതരമാ യിരിക്കുന്നു. നമ്മുടെ വടക്കേ അതിർത്തിയിൽ യുദ്ധ ത്തിനുള്ള ഒരുക്കങ്ങളാണു്. അളിയനും മററും അതിർ ത്തിയിലേക്കു പോകുകയാണെന്നാണെഴുത്തു്.

അന്നമ്മ; (കൈകൾ കൂപ്പി) എൻെറ ഈശോയെ!

എൻെറ മകന ആപത്തൊന്നും വരുത്തല്ലെ....മോളെ!എഴ ത്തുവേഗം വായിച്ചെ.

ജോയി: അമ്മെ! ഭയപ്പെടാതെ. അളിയന്ന് യാതോരപകടവും വരുകയില്ല.

അന്നമ്മ: മോനെ! തങ്കച്ചൻെറ സൊബാവം മോനറിഞ്ഞുകൂടാ. അവനൊരു മടയനാണ്. എന്നാ ദീരനമാണ്. ഒരു കാര്യത്തിനിറങ്ങിയാ അതിൻെറ അവസാനം കാണാതെ അവൻ പൊറകോട്ട തിരിഞ്ഞുനോക്കിയേല. (ചിന്തിച്ചിട്ട്) പണ്ടൊക്കെ ഓണത്തിന്ന് പന്തുകളിക്കണെതു ഞാനിപ്പം ഓർക്കുന്നു.....അവൻ ഒററക്കാ നാലുപേരോട് കളിച്ചുജയിച്ചത്. എന്തോരു വാശിയായിരുന്നെന്നൊ.....മോളേ! വെക്കം വായിച്ചെ. കേക്കട്ടെ.

മായ: (കത്തിൽ നോക്കിക്കൊണ്ടു്) പ്രിയമുള്ള അമ്മേ, അളിയാ, പെങ്ങളെ, നമ്മുടെ ഭാരതത്തിൻെറ വടക്കേ അത്തിയിൽ ഇപ്പോഠം നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളെല്ലാം നിങ്ങഠം പത്രംമുഖേന അറിയുന്നുണ്ടല്ലോ. നമ്മുടെ അയൽ വാസികളായമനുഷ്യചെന്നായ്ക്കഠം നമ്മോട്ട കാണിക്കുന്ന ഹീനമായ പ്രവൃത്തികഠം നമുക്ക് ക്ഷമിക്കുവാനൊ സഹിക്കുവാനൊ സാദ്ധ്യമല്ലല്ലൊ. ഭാരതാംബ ഇന്നുലോകത്തിൻെറ മുമ്പിൽ ഒരു കെടാവിളക്കാണല്ലോ. ആ ദീപനാളം കൊടുംകാററിൽ അണഞ്ഞുപോകാതെ കാത്തുസൂക്ഷിക്കേണ്ടത് ഓരോ ഭാരതീയൻേറയും കടമ ഒന്നുമാത്രമാണ്......അമ്മേ! എൻെറ രക്തം തിളക്കുന്നു. ഭാരതമാതാവിൻെറ കറയില്ലാത്ത മുലപ്പാലിൻെറ വീര്യം ഞങ്ങഠംക്കുത്തേജനം നൽകുന്നു. ഞങ്ങഠം ഇന്ന് അതിത്തിയിലേക്കു തിരിച്ചു. അവിചാതമായി പെട്ടെന്നു വന്ന ഓർഡറാണ്. വണ്ടിയിലിരുന്നാണ് ഞാനീ കത്തെഴുതുന്നതു്. അമ്മേ!!....ഞങ്ങളുടെ വണ്ടി പുകതുപ്പിക്കൊണ്ടു് നീണ്ട പോർ വിളികൾ

ളോടുകൂടി ആർത്തട്ടഹസിച്ച്. അതിശീഘ്രം പായുന്നു. എങ്കിലും ഇതിൻെറ ചക്രങ്ങളുടെ കറക്കംകൊണ്ട് വേഗത കുറവായി എനിക്കു തോന്നുന്നു. നാം ഓരോ വ്യക്തിയും ഭാരതത്തിൻെറ കാവൽ ഭടന്മാരാണ്. ആ വീരമാതാവിൻെറ ഒരെളിയ മകനാണ് ഞാനും. ''അണ്ണാൻ കുഞ്ഞും തന്നാലായതു്'' എന്നതുപോലെ ഞാനും എൻെറ കടമ നിർവഹിക്കട്ടെ. ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക.

എന്ന്, വാത്സല്യമകൻ തങ്കച്ചൻ.

അന്നമ്മ: (ദീനതയോടെ) മക്കളെ! ഇനി എന്നാണ് മോൻ വരുന്നതു്. കഴിഞ്ഞ ആഴ്ചേലെ എഴുത്തനുസ.രിച്ച ഈ മാസത്തി വരാനൊക്കൊ....

ജോയി; ശരിയാണമ്മെ. ഇനി അവിടുത്തെ കുഴപ്പങ്ങൾ തീരാതെ സാധിക്കുകയില്ലായിരിക്കും.

അന്നമ്മ: മോളെ! ഇപ്പം ഞാം പറഞ്ഞതെങ്ങനെയിരിക്കുന്നു. മനുഷ്യേൻ ഇട്ടപ്പെടുന്നതൊന്നു് ദൈവം വിതിക്കുന്നതു വേറേ ഒന്നു്.

ജോയി: സാരമില്ലമ്മെ! ധീരന്മാർ ഒരിക്കലും പരാജയപ്പെടുകയില്ലമ്മെ. അവർ ജയിക്കും........എന്നും ജീവിക്കും

ഹമീദും ഭവാനിയും (ഒരുപോലെ മുഷ്ടികൾ ചുരുട്ടിക്കൊണ്ടുറക്കെ) ഭാരത് മാതാ....കീ....

ജയ്, ജയ്, ജയ്,!!!

അന്നമ്മ: (ആവേശത്തോടെ) വിളിക്കു് മക്കളെ! വിളിക്കു് ഇങ്ങനെ ചൊണയോടെ വിളിക്കു്.

(മായ ചിന്താമൂകയായി മൗനം ദീക്ഷിക്കുന്നു.)

അന്നമ്മ: (മായയുടെ ഇരുതോളിലും പിടിച്ചുകൊണ്ടു്) മോളെ! നിനക്കെന്നാ ഒരു വല്ലായ്മ?

മായ: (തലകുലുക്കിക്കൊണ്ടു്) ഒന്നുമില്ലമ്മെ.

അന്നമ്മ: മോളു സമാധാനപ്പെടു. നമ്മരം ഈ മ ണ്ണിൽ ജീവിക്കുന്നെങ്കിൽ അന്തസ്സോടും അബിമാന ത്തോടും കൂടിവേണം. അനാവശ്യമായിമറെറാരുത്തരും നമ്മുടെ മുതുകത്തു കുതിരകേറാൻ നമ്മരം ഒരിക്കലും അ നുവദിക്കരുതു മോളെ....അനുവദിക്കരുതു. അതിനുവേ ണ്ടി ജീവൻ ഉപേക്ഷിച്ചാലും നമുക്കതൊണബിമാനം. മോളു ധൈര്യായിരിക്കെ.

ജോയി: (ചിന്തയിൽ നിന്നുണന്നു്) അമ്മേ! അ പ്പച്ചൻെറ വേർപാടിനുശേഷം വിധവയായ അമ്മ ഈ പിഞ്ചുകുഞ്ഞുങ്ങളെ പാലൂട്ടി താരാട്ടുപാടി ഉറക്കി വളർ ത്തിയതുപോലെയാണെമ്മെ ഭാരത്മാതാ നമ്മെ വളർ ത്തുന്നതു്. ആ അമ്മയുടെ ഒരുമുടിയിഴക്കുപോലും ക്ഷതം പററുന്നതു നോക്കിനില്ക്കുവാൻ മുലപ്പാൽ കുടിച്ചിട്ടുള്ള ഒരു മകനും സാദ്ധ്യമല്ല. അങ്ങനെ ആരെങ്കിലും കണ്ണു ടക്കുന്നെങ്കിൽ അവർ ആ അമ്മയെ....

ഹമീദും ഭവാനിയും: ജയ്, ജയ് ഭാരത്മാതാ.

ജയ്, ജയ്, ഇൻഡ്യൻ ജനതാ.

ജയ്, ജയ്, ധീരജവാന്മാർ.

ജോയി; (കുട്ടികളെ നോക്കിചിരിച്ചിട്ടു്) അമ്മേ ഞാൻ വന്നിട്ടു് വളരെ സമയമായി. ഓഫീസ്സിലേക്കു് പോവട്ടെ.

അന്നമ്മ: മോനെ! മോനുക്കു് ക്ഷീണത്തിൻെറ ല ക്ഷണങ്ങളൊണ്ടു്. ഇന്നു ഡോക്ടറെ ഒന്നുകാണണം. നമു ക്കു് ചെയ്യേണ്ടതു സമയത്തു ചെയ്യാം. പലം ദൈവം തരട്ടെ.

ജോയി: മായേ! വിശേഷം വല്ലതുമുണ്ടോ?

മായ: ഒന്നുമില്ല ജോയിച്ച.

അന്നമ്മ: അവളങ്ങനെയൊക്കെ പറയും മോനെ.

ജോയി: ഞാൻ ഡോക്ടറെ കാണാം.

(ജോയി പോകുന്നു.)

അന്നമ്മ: (വിഷാദത്തോടെ) മോളെ! ഞാൻ അപ്പോഴങ്ങനെ പറഞ്ഞെങ്കിലും ചെറുക്കൻെറ കാര്യോക്കുമ്പം എനിക്കൊരു സമാദാനോമില്ല.

മായ: (സാവകാശം) അമ്മെ! വിഷമിക്കാതിരിക്ക്. ചേട്ടൻ ചേട്ടൻെറ ജീവതത്തിലെ ഏററവും വലിയ കടമ നിർവഹിക്കുവാൻ പോയിരിക്കുകയാണമ്മെ അമ്മേ! ജനിച്ചാൽ ഒരിക്കൽ മരിക്കണം.

അന്നമ്മ: (ചിന്തയിൽനിന്നും) ശരിയാണുമോളെ!

മായ: അമ്മെ! ദൈവം ചേട്ടനൊരാപത്തും വരുത്തുകയില്ലമ്മെ. വരുത്തുകയില്ല.

(ഇരുവരും മുട്ടുകുത്തി ക്രിസ്തുനാഥൻെറ രൂപത്തിലേക്ക് നോക്കി കൈകൾ കൂപ്പി പ്രാർത്ഥിക്കുന്നു.)

* * * *

## രംഗം 5

(മായ ചിന്താമൂകയായി നെടുവീർപ്പുകളോടെ കട്ടിലിരിക്കുന്നു.

അന്നമ്മ: (പ്രവേശിക്കുന്നു.) മോളെ! നീ എന്നാ ഈ നോയമ്പ് നോക്കുന്നപോലെ ഒന്നും കഴിക്കാതിരിക്കുന്നെ. ഇന്നെത്ര ദിവസമായി മോള ചെവ്വേ നേരേ വല്ലോം കഴിച്ചിട്ടു. തന്നെയല്ല ഡോക്കട്ടറെന്നാ പറഞ്ഞെ? മിററത്തുടൊക്കെ എറങ്ങി നടക്കണോന്നല്ലേ? (കരത്തിൽ പിടിച്ചിട്ട്) വാ....എൻെറ മോള ഇങ്ങോട്ടേററുവന്നേ. ഇങ്ങനെ കുററിയേ കെട്ടിയിട്ടതുപോലെ കഴിഞ്ഞുക്കൂടാതെ.

മായ: (സങ്കടത്തോടെ) അമ്മേ! കുറെ ദിവസത്തേ

കഒ-ചേട്ടൻ വരുന്നതുവരെ ഞാൻ-നോയമ്പെടുത്തിരിക്കയാണു്.

അന്നമ്മ: മോളിങ്ങനെയൊക്കെപ്പറയാതെ. മോടെ സങ്കടം കാണുമ്പം എനിക്കു് കരച്ചിലു വരുന്നു മോളെ.

മായ: അമ്മേ! അമ്മകരയരുതു്. അമ്മ കരഞ്ഞാൽ ഞാൻ പൊട്ടിക്കരയും.

അന്നമ്മ: ഇല്ലമോളെ, ഞാൻ കരയേല. പക്ഷേ, മോളൊന്നും തിന്നാതേം കുടിക്കാതേം ഇരുന്നാ ഞാം കരയും.....ബാ....നമക്കുവല്ലോം കഴിക്കാം.

(മായ എഴുന്നേൽക്കുന്നു രണ്ടുപേരും പോകുന്നു.)

*     *     *     *

(അന്നമ്മയും മായയും മുറക്കുള്ളിൽകട്ടിലിലിരുന്നു് പത്രം വയിക്കുന്നു.)

ജോയി: (വിയർത്തൊലിച്ചു് കിതപ്പോടെ പരവശനായി പ്രവേശിക്കുന്നു. കയ്യിലുള്ള എഴുത്തു് മായയുടെ നേരേ നീട്ടിക്കൊണ്ടു്) അമ്മേ! അളിയൻ ഹോസ്പിററലിലാണു്.

അന്നമ്മ: (അത്ഭുതത്തോടെ) അയ്യോ! എന്താണ മോനെ വിശേഷം?

മായ: (സങ്കടത്തോടെ) ദൈവമേ! ചതിച്ചോ. (കത്തിൽ ഒന്നുനോക്കിയശേഷം ജോയിയുടെ നേരേ നീട്ടിക്കൊണ്ടു്) ഈ കത്തിൽ നോക്കിയിട്ടു് എൻെറ കണ്ണുകളുടെ കാഴ്ച മങ്ങുന്നു ജോയിച്ചാ. ജോയിച്ചൻ വായിക്കു്.

ജോയി: (കത്തിൽ നോക്കിക്കൊണ്ടു്) പ്രിയ അമ്മേ! അളിയ പെങ്ങളെ! കഴിഞ്ഞ പതിനഞ്ചു ദിവസങ്ങൾക്കുമുമ്പു് ഞാനയച്ച കത്തു് കിട്ടിക്കാണുമെന്നു വിശ്വസിക്കുന്നു. അതിനുള്ള മറുപടി എനിക്കു് കിട്ടാറായിട്ടില്ല. താമസിയാതെ കിട്ടുമെന്നു പ്രതീക്ഷിക്കുന്നു.

പ്രിയപ്പെട്ട അമ്മേ! നാലു ദിവസങ്ങൾക്കു മുമ്പ് എന്റെ ജീവിതത്തിലെ കടമകളിൽ ചിലതു ഞാൻ നിർവ്വഹിച്ചു. നമ്മുടെ ശത്രുവിന്റെ രണ്ടു ടാങ്കുകൾ ഞാനും എന്റെ സ്നേഹിതൻ മിസ്റ്റർ കാരുണാകരനുമൊത്ത് വെടിവെച്ചു പൊട്ടിച്ചു തകർത്തു. പതിനൊന്നു ശത്രുക്കളേയും ഞങ്ങൾ വെടിവെച്ചുകൊന്നൊടുക്കി. പക്ഷേ, അപ്പോഴേക്കും ശ്രീ. കരുണാകരൻ വെടിയേററ്നിലം പതിച്ചു. അദ്ദേഹത്തെ ഞാൻ എന്റെ മടിയിൽ കിടത്തി, ആ ധീരജവാൻ സാവകാശം 'രാമ' മന്ത്രം ഉരുവിട്ടുകൊണ്ട് അന്ത്യശ്വാസം വലിച്ചു. മുറിവുകളേററ ഞാനും അപ്പോഴേക്കും പ്രജ്ഞയററ് നിലം പതിച്ചു. വീണ്ടും എനിക്ക് ബോധമുണ്ടായതു് ഇന്നാണ്. ഇപ്പോൾ ഞാൻ ഹോസ്പിററലിലാണ്. എനിക്കിപ്പോൾ വളരെ ആശ്വാസമുണ്ട്. എന്റെ അമ്മേ! എനിക്കിനിയും കടമകൾ പൂർത്തിയാക്കുവാനുണ്ട്. എന്റെ ഹൃദയം എത്തുന്നിടത്ത് എന്റെ തോക്കിലെ ഉണ്ടകൾ പാഞ്ഞിരുന്നെങ്കിൽ ജനിച്ച മണ്ണിന്റെ വീര്യം കാട്ടുവാൻ, ഭാരതത്തിന്റെ അഭിമാനം സംരക്ഷിക്കുവാൻ നമ്മുടെ രാഷ്ട്രത്തെ കഷ്ടപ്പെടുത്താതെ എന്റെ സഹോദരങ്ങളുടെഒരുതുള്ളിരക്തംപോലും നഷ്ടപ്പെടുത്താതെ....ഞാൻ മാത്രംമതിയായിരുന്നമ്മേ....മതിയായിരുന്നു....പക്ഷേ .......എന്റെ കടമകൾ ഞാൻ നിറവേററും. നിററവേററിയേ ഞാനടങ്ങൂ. പ്രിയപ്പെട്ട അമ്മേ? അളിയാ! പെങ്ങളേ! അടുത്ത ആഴ്ചയിൽ ഞാൻ ഫീൽഡിലേക്കു പോകുന്നതാണ്. ഞങ്ങൾക്കുവേണ്ടിപ്രാർത്ഥിക്കുക.

എന്നു് സ്വന്തം തങ്കച്ചൻ.

അന്നമ്മ: (കരങ്ങൾ നീട്ടിക്കൊണ്ട്) മോളേ!!

മായ: (കരങ്ങൾ നീട്ടിക്കൊണ്ട്) അമ്മേ!!

(അവർ പരസ്പരം കെട്ടിപ്പിടിച്ചു കരയുന്നു)

ജോയി: (ഗൽഗദത്തോടെ) അമ്മേ! മായേ! കരയാതെ. അളിയൻ സുഖം പ്രാപിച്ചു വരും....താമസിയാതെ വരും. നിങ്ങൾ കരയാതിരിക്കൂ.

അന്നമ്മ: (തേങ്ങിക്കരഞ്ഞുകൊണ്ടു്) മോനേ! അവനു് കൊറവുണ്ടെന്നു് എഴുതിയിരിക്കണതു് വാസ്തവമല്ല മോനെ. അവനു് എത്ര വേദന ഒണ്ടായാലും പൊറത്തറീക്കേല മോനെ. അങ്ങനത്തെ സൊബാവക്കാരനാണവൻ,

ഭവാനി: (സങ്കടത്തോടെ) വല്ല്യമ്മേ! ചേട്ടനെ ശുശ്രൂഷിക്കാൻ ഞാൻ പോകാമമ്മേ.

ഹമീദ്: (സങ്കടത്തോടും കോപത്തോടും)ഉമ്മാ.... ബാപ്പാനെ മുറിബേപ്പിച്ച ആ ദുഷ്ടനെ ഞമ്മള് ബകബരുത്താമുമ്മാ ഞമ്മടെ മേലുപെരുക്കണുമ്മാ. ൻറ്ശോരകൊത്തുകൊത്തുക്കണുമ്മാ.

ജോയി: (കുട്ടികളെ കെട്ടിപ്പിടിച്ചുകൊണ്ടു്) മക്കളെ നിങ്ങൾ ശാന്തമായിരിക്കൂ....അമ്മേ! മായേ! അളിയൻെറ വിവരത്തിനു ഉടനെ കമ്പിയടിക്കാം. ഞാനിറങ്ങട്ടെ. (സാവകാശം പോകുന്നു.)

* * * *

(ദുഃഖിതരായ അന്നമ്മയും മായയും കട്ടിലിരിക്കുന്നു. ജോയി കളിച്ചു മാതിരി വിയർത്തൊലിച്ചു പ്രവേശിക്കുന്നു. തൻെറ കൈവശമുള്ള തങ്കച്ചൻെറ ഫോട്ടോയും കുരുത്തകൊടിയും അന്നമ്മയെ ഏല്പിക്കുന്നു.)

അന്നമ്മ: (പാരവശ്യത്തോടെ) ഈ ഫോട്ടോ ആരുതന്നു മോനേ. ഇതെവിടുന്നു കിട്ടി. ഈകുരുത്തതുണി എന്നാതാ മോനെ?....എന്നതാമോനേ!....

ജോയി: (ദുഃഖിതനായി ശബ്ദമൊതുക്കിസാവകാശം) അ....ം....മ്മേ....അ....ളി....യൻ....അ..ളി..യൻ

അന്നമ്മ: അളിയനൊന്നത മോനെ. പറഞ്ഞേ വേഗം.....പറഞ്ഞേ. അളിയനെന്നാ പററി?

മായ: (പൊട്ടിക്കരഞ്ഞുകൊണ്ടു് അളിയനെന്തു പററി ജോയിച്ച പറയൂ....വേഗം പറയൂ.

ജോയി: (തൊണ്ടയിടറിക്കൊണ്ടു്) അളിയൻ മ....രി....ച്ചു.

(അന്നമ്മയും മായയും) അയ്യോ! (അവർകൊട്ടിപ്പിടിച്ചു പൊട്ടിക്കരയുന്നു,)

ജോയി: (തേങ്ങിക്കരഞ്ഞുകൊണ്ടു്) മക്കളെ അമ്മേ! മായേ! കരയാതെ....നിങ്ങരം കരയാതെ. അളിയൻ മരിച്ചിട്ടില്ല. മരിച്ചിട്ടില്ലമ്മേ....(കണ്ണീർ തുടച്ചു് ദൃഢസ്വരത്തിൽ) ആ ധീരനായ മകൻ ഭാരത് മാതാവിൻെറ ആ ഓമനസന്താനം അമ്മയുടെ സംരക്ഷണയ്ക്കു വേണ്ടി വീരചരമം പ്രാപിച്ചു. അതിൽ നമുക്കഭിമാനിക്കാമമ്മെ. അഭിമാനിക്കാം. എന്നാൽ അളിയൻജീവിക്കും....ജീവിക്കും....സ്വരം താഴ്ത്തി എന്നും ജീവിക്കും....എന്നും.

അന്നമ്മ: (കണ്ണുനീർ തുടച്ചിട്ടു് പതറിയ സ്വരത്തിൽ) ഇല്ല മകളെ ഞാനിനി കരയില്ല. ഒരിക്കലും കരയില്ല മക്കളെ (ദൃഢസ്വരത്തിൽ) തങ്കച്ചൻ അവൻെറ ചില കടമകരം നിറവേററി ഞാനതിലഭിമാനിക്കുന്നു

മായ: (കണ്ണുകരം ചിമ്മിത്തുറന്നിട്ടു്) അമ്മേ! എൻെറ അമ്മ ഇത്രയും ധീരതയുള്ള സ്ത്രീയൊ?

ജോയി: എന്തിനു സംശയിക്കുന്നു. മായേ! അപകടത്തിൽ ദുഃഖിക്കുന്നവരാണു് വിഢികരം. ധീരതയോടെ നേരിടുന്നവർ സമർത്ഥന്മാരും.

ഭവാനി: (ഹമീദിനെ നോക്കിചിരിച്ചിട്ടു് ആവേശത്തോടെ) ശരിയാണച്ചേട്ടാ (ഉറക്കെ) ജയ്! ജയ്! ധീരജവാന്മാർ: (രണ്ടുപേരും ചേർന്നു വിളിക്കുന്നു)

*　　*　　*　　*

## രംഗം 6

(മായയുടെ ക്ഷീണം വർദ്ധിച്ചു. കട്ടിലിൽ തളർന്നിരിക്കുന്നു. പെട്ടെന്നു് വരാന്തയിലേക്കു് സൂക്ഷിച്ചു നോക്കിയിട്ടു്.

മായ: ഹമീദെ?....

(ഹമീദ് അടുക്കപാത്രത്തിൽ ചോറുമായി പ്രവേശിക്കുന്നു.) കൊച്ചുമ്മാ ഞമ്മളെ എത്തുക്കാ ബിളിച്ചെ. ബക്കം പറ.

മായ: (അവൻ ധരിച്ചിരിക്കുന്ന വേഷ്ടിയിൽ സൂക്ഷിച്ചുനോക്കിയിട്ടു്) മോനെന്താ ഇന്നു വേഷ്ടി വലത്തോക്കു് കുത്തിയിരിക്കുന്നതു്?

ഹമീദ്: കൊച്ചുമ്മാ........കൊച്ചുമ്മായല്ലെ കാലത്തെ പത്രത്തിബായിച്ചതു്—കോയിക്കോട്ടോ എങ്ങാണ്ടും പാക്കിസ്ഥാൻ ചാരന്മാരായ ഹശനേയും മീരാഖാനേയും ബലങ്ങ ബച്ചന്നു.

മായ: (ചിന്തിച്ചിട്ടു് കോപത്തോടെ അപ്പോൾ ഹമീദ് പാക്കിസ്ഥാൻ ചാരനാണൊ.

ഹമീദ്: അല്ലുമ്മാ....അല്ലുമ്മാ....ഞമ്മടെ കയ്ത്തു പോയാലും ഞമ്മ ഒരിക്കലും ജനിച്ച മണ്ണിനെ ബഞ്ചിക്കുല്ലുമ്മ, ബഞ്ചിക്കുല്ല. തെങ്ങാള്ള നാട്ടില് തേങ്ങയുണ്ടു പോകാമേലന്നു പറഞ്ഞമാതിരി ഞമ്മള പേടിച്ചിട്ടു ഇങ്ങനെ അണിഞ്ഞിരിക്കണെ. അള്ളാബാണെ സത്ത്യം....ജനിച്ചമണ്ണിനെ ഞമ്മള ബഞ്ചിക്കുല്ല.

മായ: (ചിരിച്ചിട്ടു്) കൊള്ളാം മിടുക്കൻ വേഗം ചോറു കൊണ്ടെ കൊടുക്കു.

(ഹമീദ് പോകുന്നു. മായ തളർന്നു കിടക്കുന്നു,)

അന്നമ്മ: (സാവകാശം വന്നു് കിടക്കയിലിരുന്നു നെടുവീർപ്പെടുന്നു.

മായ: (ദീനതയോടെ) അമ്മേ! ചേട്ടൻെറ പണം വരുമ്പോഴാം നമുക്ക് വാങ്ങേണ്ട. അതു നമ്മുടെ രാജ്യത്തിൻെറ പ്രതിരോധനിധിയിലേക്കായി സംഭാവന ചെയ്യണം.

അന്നമ്മ: മോളെ! ഞാനും അതാണ നിശ്ചയിച്ചിരിക്കണെ. മോളെ! മരുന്നു കുടിക്കാറായില്ലേ. ഞാനെടുക്കട്ടെ.

മായ: (എഴുന്നേല്ക്കുവാൻ ഭാവിച്ചുകൊണ്ട്) വേണ്ടമ്മെ ഞാനെടുത്തുകൊള്ളാം.

അന്നമ്മ: വേണ്ട. ഞാനെടുത്തുതരാം. (അന്നമ്മ കുപ്പിയിൽ നിന്നു മരുന്ന് ഗ്ലാസിലേക്ക പകർത്തി കൊടുക്കുന്നു. മായ എഴുന്നേററിരുന്നു മരുന്നുകുടിക്കുന്നു. പെട്ടെന്നു മരുന്നും രക്തവും ഛർദ്ദിക്കുന്നു, ഗ്ലാസ്സ് താഴെ വീണുടഞ്ഞു.

മായ: (ഇരുകരങ്ങളും ചേർന്ന് ഉദരത്തിൽ അമർത്തിപ്പിടിച്ചുകൊണ്ട് ദയനീയമായി) അമ്മേ!!.....(കിടക്കയിലേക്ക് തളർന്നു വീഴുന്നു.)

അന്നമ്മ: (കിടക്കയിൽ സൂക്ഷിച്ചു നോക്കി. അന്ധാളിച്ചുകൊണ്ട്) ചോര. (ഭയത്തോടും സങ്കടത്തോടുംകൂടി മാറത്തലച്ചുകൊണ്ട്) എൻെറ വ്യാകുലമാതാവേ....! (പുറത്തേക്കോടുന്നു.)

മായ: (ദീനരോദനത്തോടെ) അയ്യോ....എനിക്കു വയ്യായേ!....എൻെറമ്മോ!....വയറു് കത്തുന്നേ....വേദന സഹിക്കായേ....അമ്മോ....

(ഞരങ്ങുന്നു.)

അന്നമ്മ: (പഴന്തുണിയും തൊട്ടിയിൽ വെള്ളവുമായി പ്രവേശിക്കുന്നു ദീനതയോടെ) എൻെറ മോളു കരയാതെ. ഈ കുരിശെല്ലാം തമ്പുരാന് കാഴ്ചവെക്കെ.

മായ: (ഞെളിഞ്ഞുപിരിഞ്ഞുകൊണ്ട് ദീനമായി) ദൈവമേ ശത്രുക്കൾക്കുപോലും ഇങ്ങനെ വരുത്തെ........ അമ്മോ....

അന്നമ്മ: (ഭയത്തോടെ) അമീദെ! ...

ഹമീദ്: (അടുക്കളയിൽ നിന്നും)ന്തോ... (ഹമീദ് പ്രവേശിക്കുന്നു. അന്ധാളിച്ചുനോക്കുന്നു.) എന്താണമ്മോ.

അന്നമ്മ: മോൻ ഓടിച്ചെന്നു ജോയിച്ചനെ വിളിച്ചോണ്ടുവാ.

ഹമീദ്: ഞമ്മള് ബക്കം വാപ്പാനെ കൂട്ടി ബരാം കൊച്ചമ്മോ. (ഹമീദ് ഓടുന്നു.)

* * * *

(വരാന്തയിലെത്തിയ ഹമീദ് വെളിയിലേക്കു നോക്കിക്കൊണ്ടുറക്കെ പരിഭ്രമത്തോടെ) ബാപ്പാ ഓടി ബന്നേ ബാപ്പാ.

ജോയി: (വികാരാവേശത്തോടെ പ്രവേശിക്കുന്നു) എന്താണ് ഹമീദെ!

ഹമീദ്: (ദീനതയോടെ) ബാപ്പാ!....ൻറ്........ കൊച്ചമ്മാക്ക് ബസമാ.

(ജോയി മുറിയിലേക്കോടുന്നു.

മായ പുതച്ചുകിടക്കുന്നു. അന്നമ്മ ഉദരത്തേൽ തടവുന്നു.)

ജോയി: അമ്മേ! എപ്പോഴാണുണ്ടായത്?

അന്നമ്മ: പത്തു നിമിഷായിക്കാണും,

ജോയി: (ശാന്തമായി) മായേ! മായേ!!

അന്നമ്മ: മോള് മയക്കമൊണ്ട്. (തൊട്ടിയുമായി പുറത്തേക്കു പോകുന്നു)

ജോയി: (കിടക്കയിലിരുന്നു സാവകാശം തടവിക്കൊണ്ട്) മായെ, മായെ!!

മായ: (സാവകാശം കണ്ണുകൾ തുറക്കുന്നു, പുഞ്ചി

രി ഉരുകി. ദീനതയോടെ) ജോയിച്ചനെപ്പോഴാ വന്നതു്?

ജോയി: ഞാനിപ്പോഴം വന്നതേയുള്ളൂ. മായ! ഇപ്പോഴെന്താണു പ്രയാസം?

(മായ ഛർദ്ദിക്കുവാൻ ഭാവിക്കുന്നു. ജോയി പാത്രം ചിറിയിലേയ്ക്കു് അടുപ്പിച്ചു പിടിക്കുന്നു. മായ രക്തം ഛർദ്ദിക്കുന്നു)

ജോയി: (ചിറിയിലെ ചോര തുടക്കുന്നു.)

ജോയി: (സ്വരമുയർത്തി തിടുക്കത്തിൽ) അമ്മേ! അമ്മേ! വേഗംവരൂ. ഞാൻ ഡോക്ടറെ കൂട്ടിക്കൊണ്ടു വരട്ടെ.

മായ: (സാവകാശം ജോയിയുടെ കരങ്ങളിൽ തടവിക്കൊണ്ടു്) വേണ്ട ജോയിച്ചാ. ഡോക്ടറെ വരുത്തേണ്ട. (മയങ്ങുന്നു.)

അന്നമ്മ: (പരിഭ്രമത്തോടെ) അവളിങ്ങനെയൊക്കെ പറയും മോനെ. മോൻ വെക്കംചെന്നുകൂട്ടിക്കോണ്ടുവാ.

(ജോയി എഴുന്നേല്ക്കുന്നു.)

മായ: (മയക്കത്തിൽ നിന്നുമുണന്നു് ദീനതയോടെ) ജോയിച്ചൻ ഇവിടെയിരുന്നേ ഞാനൊന്നു പറയട്ടെ. (ജോയി ഇരിക്കുന്നു.) ജോയിച്ചാ! ഡോക്ടറെ വരുത്തേണ്ട. എനിക്കിപ്പോഴം ആശ്വാസമുണ്ടു്. ജോയിച്ചൻ ഇവിടിരുന്നാൽ മാത്രംമതി. ഈ രോഗം എന്റെ കൂടപ്പിറപ്പാണു് ജോയിച്ചാ. (കണ്ണുകഠം സാവകാശം മയങ്ങുന്നു)

ജോയി: (ദീനതയോടെ) മായേ! എന്റെ മായ ഇങ്ങനെ ചിന്തിക്കാതെ. തീർച്ചയായും ദൈവം നമുക്കാശ്വാസം നൽകും.

അന്നമ്മ: മോനെ നേരം കളയാതെ വെക്കം പോ.

(ജോയി പോകുന്നു. മായ ആകാംക്ഷയോടെ ജോ

യിയെ നോക്കുന്നു. ദീനതയോടെ തേങ്ങിക്കരയുന്നു.)

അന്നമ്മ: മോളെ! എന്റെ മോളിങ്ങനെ കരയാതെ

മായ: (ദൈന്യമായി) അമ്മേ!......ഡോക്ടർ പറഞ്ഞതു വാസ്തവമാണമ്മെ. എന്റെ ഗർഭ പാത്രത്തിനു കേട് സംഭവിച്ചതിനാൽ എനിക്കു് പ്രസവിക്കുവാൻ സാധിക്കയില്ലമ്മെ.

അന്നമ്മ: (മിഴികൾ തുറിച്ച് ചിന്താനിമഗ്നയായി. ഏതാനും സെക്കൻറുകൾക്ക ശേഷം ദീനതയോടെ സാവകാശം) മോളേ!....കല്യാണത്തിനു മുമ്പ് നീ രാജൻെറ വാക്കുകളെ വിശ്വസിച്ചു ഗർബണിയാകാതേം അവൻ തന്ന മരുന്നു കുടിച്ചു ഗർബം നശിപ്പിക്കാതേം ഗർബപാത്രത്തിനു കേടുവരുത്താതേം കാത്തിരുന്നെങ്കി ഇപ്പോഴിങ്ങനെയൊക്കെ സംബവിക്കുവായിരുന്നോ മോളേ....സംബവിക്കുവായിരുന്നോ....?

മായ: അമ്മേ!....രാജൻ എന്നെ ഉപേക്ഷിക്കുമെന്നു ഞാൻ സ്വപ്നത്തിൽ പോലും ധരിച്ചിരുന്നില്ലമ്മെ.... ധരിച്ചിരുന്നില്ല....(ചിന്തിച്ചിട്ട്) അമ്മേ! മനുഷ്യരിൽ മാലാഖയും പിശാചുക്കളെമുണ്ടമ്മേ.........പിശാചുക്കളെമുണ്ട്.

അന്നമ്മ: മോളേ!.....ഒരു കുഞ്ഞിക്കാലു കാണാൻ നമുക്കാർക്കും പാഗ്യമില്ലാതായല്ലോ മോളേ......പാഗ്യമില്ലാതായല്ലൊ.....അന്ന് രാജൻ നിന്നെ കുടിപ്പിച്ച മരുന്നു എന്നതായിരുന്നു മോളെ....?

മായ: (ദൈന്യമായി കണ്ഠമിടറി) എനിക്കറിഞ്ഞു കൂടമ്മ........എന്തായിരുന്നാലും ആ മരുന്ന് അണുബോംബിൻെറ സ്ഫോടന മേല്ലുന്നതിനേക്കാൾ ഭയങ്കരമാകുന്നമ്മെ....

അന്നമ്മ: (നിരാശയോടെ) മോളെ!....അന്നു നിന്റെ അടക്കോത്തുക്കം കണ്ടപ്പം ഞാൻ പലതും വിചാരിച്ചു സന്തോഷിച്ചു മോളെ....

മായ: ഞാൻ രാജനെ സ്നേഹിച്ചിരുന്നതു് തെററാണോമ്മെ....?

അന്നമ്മ: മ്ം.......രാജനെങ്ങനെയെങ്കിലും അവന്റെ തലേന്നു നിന്നെ ഒഴിവാക്കണോന്നെ ഒണ്ടായിരുന്നൊള്ളു....മോളെ!.....നിന്നെ പെററപ്പം ഒണ്ടായിരുന്നതിനേക്കാൾ കൂടിയ നൊമ്പരാണു മോളെ ഞാനിപ്പം അനുബവിക്കണെ....ദൈവമെ ഈ കട്ടങ്കെ ചെയ്തിട്ടും അവൻ തലയും പൊക്കി നടക്കുന്നല്ലൊ. എൻറീശോയെ! ഈ ചതിവിനു് എന്തു ശിക്ഷയായിരിക്കും ദൈവം അവനു കൊടുക്കുന്നതു്....

മായ: (കണ്ണുനീർ തുടച്ചുകൊണ്ടു് സംശയാധീനമായി നാലുപുറവും നോക്കിയിട്ടു് ശബ്ദമൊതുക്കി) അമ്മേ! മിണ്ടാതിരിക്കമ്മെ....കണ്ണുനീരോടുകൂടിയ പ്രാത്ഥന ദൈവം ഒരിക്കലും കൈക്കൊള്ളാതിരിക്കയില്ല.....

(ഇരുപേരും നിരാശരായി ശിരസ്സു് കുനിച്ചു മൗനം ദീക്ഷിച്ചിരിക്കുന്നു. റോഡിൽ കൂടിയുള്ള പ്രതിരോധറാലിയുടെ മുദ്രാവാക്യങ്ങൾ മുഴങ്ങി കേൾക്കുന്നു. അന്നമ്മയും മായയും ശ്രദ്ധിക്കുന്നു.)

ജയ്, ജയ്, ഭാരത്മാതാ.

ജയ്, ജയ്, ഇൻഡ്യൻ ജനത.

ജയ്, ജയ്, മഹാത്മഗാന്ധി.

ജയ്, ജയ്, പണ്ഡിററു്നെഹ്റു.

ജയ്, ജയ്, ലാൽബഹദൂർ ശാസ്ത്രി.

ചോരകൊടുത്തും ജീവൻവെടിഞ്ഞും ജന്മനാടിനെ രക്ഷിക്കും ഞങ്ങൾ മാതൃഭൂമിയെ രക്ഷിക്കും. ജയ്ജവാൻ ജയ്, കിസാൻ. ജയ്, ജയ്, ധീരജവാന്മാ......

ഹമീദ്: പ്രവേശിക്കുന്ന ആവേശത്തോടെ) ഉമ്മാ! കൊച്ചുമ്മാ! ഇന്ന് സുബാഷ് മൈതാനി പെരുത്ത മീററിങ്ങൊണ്ട്. ധാരാളം പുള്ളാരും പോണുണ്ട്.

മായ: ഹമീദെ! നിങ്ങൾക്ക മീററിംഗ് കൂടണമൊ!

ഹമീദ്: (വിഷാദത്തോടെ) ഞങ്ങള് പോമ്പം ഇബിഡാരാണ കൊച്ചുമ്മാ?

മായ; സാരമില്ല മക്കളെ ജാഥയുടെ ആരവം കേട്ടപ്പോൾ മുതൽ എനിക്കാശ്വാസമുണ്ട്.

ഹമീദ്: ഇച്ചിരിമുമ്പേ പറേമേലാരുന്നാ. കൊച്ചുമ്മാ! ഇതു് 'രോഗി ആശിച്ചതും പാല് ബൈദ്യൻ ബിധിച്ചതും പാല്' എന്ന ബറേണപോലായല്ലൊ. (തിരിഞ്ഞു നീന്ന്) ഭവാനി ബരു.

(രണ്ടുപേരും കൈകൾ കോത്തുപിടിച്ചിട്ട് ഒരുപോലെ) ജയ് ജയ്, ധീരജവാന്മാർ. ജയ്, ജവാൻ ജയ് കിസാൻ. (നടന്നുകൊണ്ട്) ജയ് ജവാൻ, ജയ്, കിസാൻ........

(ആ ഇരടികളുടെ മാറെറാലിയിൽ അന്നമ്മയും മായയും നിശ്ശബ്ദരായിരിക്കുന്നു.)

മായ: (ഞളിഞ്ഞുപിരിയുന്നു. ഉദരത്തിൽ അമത്തിപ്പിടിച്ചുകൊണ്ട്) എൻറമ്മോ....എന്തോരു വേദന.... എൻെറ തൊണ്ടവററിപ്പോകുന്നു...അയ്യോ!. അമ്മോ.... അമ്മേ....കാപ്പി വേണം നല്ല ചൂടുണ്ടായിരിക്കണം (മയങ്ങുന്നു.)

അന്നമ്മ: ഞാൻ ചൂടാക്കിക്കൊണ്ടു വരാം മോളേ! (അവർ പോകുന്നു)

(തളർന്നുമയങ്ങിയ മായ സാവകാശം പിടഞ്ഞെഴുന്നേല്ക്കുന്നു. പ്രാഞ്ചി പ്രാഞ്ചി മേശയുടെ പക്കലേക്കടുത്തു ചിന്താധീനയായി എഴുതുന്നു.)

*    *    *    *

(അന്നമ്മ ചൂടുകാപ്പിയുമായി പ്രവേശിക്കുന്നു. മായ കിടക്കയിൽ കിടന്നു് ഞെളിഞ്ഞു പിരിയുന്നു. മുറികളിൽ പതറി നോക്കിക്കൊണ്ടു് അവ്യക്തമായി)

അം... മേ....ജോ....യി....ശാ....

(സംസാരവും നോട്ടവും തുടൎന്നുകൊണ്ടിരിക്കുന്നു)

അന്നമ്മ: (പരിഭ്രാന്തയായി വെളിയിലേക്കു്നോക്കിയിട്ടു്) മോളേ! ജോയിച്ചനും ഡോക്കട്ടറുംവരുണ്ടു്. (ജോയിയും ഡോക്ടറും പ്രവേശിക്കുന്നു. അവർ ചിന്താപരവശരായി.

മായ: (കരങ്ങൾ നീട്ടിക്കൊണ്ടു്)ജോയി....ശാ.... (ജോയി അടുത്തുനിന്നു ശിരസ്സു് കുനിക്കുന്നു. ഡോക്ടർ പരിശോധിക്കുന്നു. മായ ജോയിയുടെ കണ്ഠത്തിൽകെട്ടിപ്പിടിക്കുന്നു. അധരം ശിരസ്സു് ഉയൎത്തി ജോയിയുടെ കവിളിൽ മൂന്നു ചുംബനങ്ങൾ അൎപ്പിക്കുന്നു. ശിരസ്സു് ഒരു വശത്തേക്കു് ചരിഞ്ഞുതൂങ്ങുന്നു. കണ്ണുകൾ സാവകാശമടയുന്നു.)

ജോയി: (മായയുടെ മുഖത്തേക്കു് നോക്കി. പരവശനായി ഉറക്കെ) മായേ! മായേ!!

(ശിരസ്സു തലയിണയിൽവച്ചു് ഡോക്ടറേ നോക്കുന്നു)

ഡോക്ടർ: (സംശയാധീനനായി ഇഞ്ചക്ഷനൊരുങ്ങുന്നു. സൂചി ഞരമ്പിൽകയററി. പക്ഷേമരുന്നു കയറുന്നില്ല. സ്രിഞ്ചു് എടുത്തിട്ടു് ദയനീയമായി ജോയിയെ നോക്കിക്കൊണ്ടു്) മിസ്റ്റർ ജോയി! നിങ്ങളുടെ വൈഫ് ഭാഗ്യവതിയായിക്കഴിഞ്ഞു.

ജോയി: (തേങ്ങിക്കരഞ്ഞുകൊണ്ടുറക്കെ)മായേ!... എൻെറ പ്രിയപ്പെട്ട മായേ!!....(കിടക്കയിൽ കമഴ്ന്നു വീഴുന്നു.)

അന്നമ്മ: (പൊട്ടിക്കരഞ്ഞുകൊണ്ടു്) എൻെറ മോളേ!....ഞങ്ങളോടൊരുവാക്കുപോലും പറയാതെ നീ

പിരിഞ്ഞല്ലോ....എനിക്കിനി.....എനിക്കിനി.....അയ്യോ!....ഞാനും വരുന്നു മക്കളേ നിങ്ങടെ കൂടെ....ഞാനും വരുന്നു....ഈ വേദനകള് സഹിക്കാൻ എനിക്കിനി കഴിത്തില്ല മക്കളെ കഴിത്തില്ല (മാറത്തലച്ചുകൊണ്ട്) എൻെറ കർത്താവേ!....കിടക്കയിലേക്ക് മായയുടെ സമീപം പിടഞ്ഞു വീഴുന്നു.)

(ഡോക്ടർ മേശമേലിരുന്ന കത്ത് കാണുന്നു, കത്ത് വായിച്ചിട്ട് ജോയിയുടെ നേരെ നീട്ടിക്കൊണ്ട്) ജോയി! ഈ ലററർ നിങ്ങൾക്കുള്ളതാകുന്നു.

ജോയി: (മുഖമുയർത്തിനോക്കി എഴുന്നേററ് കണ്ണുനീർ തുടച്ചിട്ട് കത്തുവാങ്ങി വായിക്കുന്നു) പ്രിയമുള്ള അമ്മേ! ജോയിച്ചാ! നമ്മുടെ എല്ലാവരുടേയും ഭാവിക്കുവേണ്ടി ഞാൻ ഒരു തീരുമാനമെടുത്തു. ഇതിൽ നിങ്ങളാരും എന്നെ പഴിക്കരുതേ. പ്രിയ ജോയിച്ചാ ജോയിച്ചൻ, തങ്കച്ചൻ, അപ്പച്ചൻ, അമ്മ, ഞാൻ, നമ്മൾ ഭൂമിയിൽ ജീവിച്ചു എന്നുള്ളത് വാസ്തവമാകുന്നല്ലൊ. അപ്പച്ചൻ അവിചാരിതമായി മരണമടഞ്ഞു. തങ്കച്ചൻനമ്മുടെ മാതൃഭൂമിക്കുവേണ്ടി ജീവൻബലികഴിച്ചു. അങ്ങനെ ആ ദീപനാളങ്ങൾ ഓരോന്നായി കാലയവനികക്കുള്ളിൽ മറഞ്ഞു. ഇനി നമ്മൾ മാത്രമേ അവശേഷിച്ചിട്ടുള്ളു. കുറെ കഴിയുമ്പോൾ നാമും ഓരോരുത്തരായും ഈ പ്രപഞ്ചത്തോട്ട് യാത്ര പറയും. പിന്നീട്, നമ്മളിലാരും ഭൂമിയിൽ പിറന്നതായോ ജീവിച്ചിരുന്നതായോ യാതൊരു തെളിവുമില്ലല്ലോ. ആ തെളിവില്ലായ്മയുടെ കാരണം എന്നിലാണെന്നു ഞാൻ പ്രത്യേകം പറയേണ്ടതില്ലല്ലോ. നമ്മുടെ ഓർമ്മയ്ക്കുവേണ്ടിയും രാഷ്ട്രത്തിൻെറ ഭദ്രതയ്ക്കു ആയിരമായിരം തങ്കച്ചന്മാരെ ആവശ്യമുള്ളതിനാലുമാണ് ഞാൻ ഈ കൃത്യത്തിനൊരുങ്ങിയത്. എൻെറ ജോയിച്ചാ! എനിക്കു മാപ്പു തരേണ്ണ

DHARMARAM COLLEGE LIBRARY, BANGALORE
19425

മെ. ജോയിച്ചൻ ഉടനെ വിവാഹിതനാകണമെന്നു് ഞാൻ അപേക്ഷിക്കുന്നു. ആദ്യത്തെ ആൺകുട്ടിയെ തങ്കച്ചനെന്നും പെൺകുട്ടിയെ മായയെന്നും നാമകരണം ചെയ്യേണമെ. അങ്ങനെ ആ പുതിയ തലമുറ നമ്മളുടേതായി ജീവിക്കട്ടെ. പ്രിയ അമ്മേ! ഇന്നുവരെ ജീവിച്ചതുപോലെ ജോയിച്ചനെ വാത്സല്യമകനായി കരുതേണമെ. ജോയിച്ചാ! അമ്മയേ മാതാവായും. ഇതു് എന്റെ അവസാനമായുള്ള അപേക്ഷയാകുന്നു. സ്നേഹം നിറഞ്ഞ അമ്മയ്ക്കും ജോയിച്ചനും സ്നേഹം തികഞ്ഞ മായ.

ജോയി: (അലറിക്കൊണ്ടു്) ഡോക്ടർ!!! (ഇരുകരങ്ങളും നീട്ടി ഡോക്ടരെസമീപിച്ചുകൊണ്ടു്) എനിക്കു് വിഷം തരു.

ഡോക്ടർ: ജോയി: നിങ്ങൾ ഭീരുവാകാതെ.

ജോയി: അല്ല ഡോക്ടർ (ജോയി മുറിക്കുള്ളിൽ സൂക്ഷിച്ചുനോക്കുന്നു. മായയുടെ കട്ടിലിനടിയാൽനിന്നും ടിക്ക്ടൊൻറിയുടെ ബോട്ടിൽ കണ്ടെടുക്കുന്നു)

ഡോക്ടർ: (പരിഭ്രമത്തോടെ ഉച്ചത്തിൽ) ജോയീ! (ഡോക്ടർ) ബോട്ടിൽ തട്ടിവാങ്ങുന്നു.

ജോയി: (സാഹസത്തോടെ) ഡോക്ടർ! എന്നെരക്ഷിക്കൂ. ഡോക്ടർ!....എനിക്കു വിഷം തരു ഡോക്ടർ (കരഞ്ഞുകണ്ണുനീർവാർത്തുകൊണ്ടു്)എനിക്കുവിഷംതരു.

ഡോക്ടർ: ജോയി നിങ്ങളുടെ വൈഫ് ഏററവും മഹനീയതയുള്ള ഒരു സ്ത്രീയാകുന്നു. അവർ ചില കടമകൾ താങ്കളെ ഏല്പിച്ചു. ആ കടമകൾ താങ്കൾ നിറവേററുക. അത്മഹത്യക്കൊരുങ്ങുന്നതു് ബുദ്ധിഹീനമാകുന്നു.

ജോയി: (മായയുടെ മുഖത്തേക്കു് നോക്കി പൊട്ടിക്കരഞ്ഞുകൊണ്ടു്) മായേ! എന്റെ പ്രിയപ്പെട്ട മായേ!

നിൻെറ വില തീരാത്തസൗന്ദര്യവും ഒന്നുമാത്രമാണ് എന്നെ നിന്നിലേക്കാകർഷിച്ചത്. അപ്രകാരം തന്നെയായിരുന്നു നിഷ്കളങ്കമായ നിൻെറ ഹൃദയവും. ഇവരണ്ടും നീഎനിക്കുതന്നു. ഹൃദയം തുറന്നുതന്നു, പക്ഷേ അവയുടെ ഫലം അനുഭവിക്കുവാൻ നമുക്ക് ഭാഗ്യമുണ്ടായില്ലല്ലോ. എന്നാൽ എൻെറ ശരീരത്തിൽ ഒരു തുള്ളിരക്തം അവശേഷിക്കുന്നതുവരെ എനിക്ക് നിന്നെ മറക്കുവാൻ സാദ്ധ്യമല്ല, മായേ!....സാദ്ധ്യമല്ല (ഉറക്കെക്കരഞ്ഞുകൊണ്ട്) എൻെറ എല്ലാമായിരുന്ന പ്രിയപ്പെട്ട മായേ! (കിടക്കയിൽ കമഴ്ന്നു വീഴുന്നു)

★

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|
| 24/06/08 | | |

DC Library
*00019425*
T62 C45



[illegible]
ന്നവ്യക്തികളുടേയും അഭിപ്രായങ്ങളും ഈ സംരംഭത്തിനു പിന്നിലുണ്ട്. ഒന്നരയോ രണ്ടോ മണിക്കൂറുകൊണ്ടു് അഭിനയിച്ചു തീർക്കാവുന്ന ഈ നാടകം യഥാർത്ഥത്തിൽ ഇന്നത്തെ ഒരാവശ്യമാണ്. സ്ഥിരവും കാലോചിതവുമായ ഒരു പരിപാടിയുടെ ആദ്യ 'ഗഡു'വുമാത്രമാണിതു്.

"മൃന്നാൺിയിൽ"

ശ്രീ. ജെ. ചിറയിൽ കുറുപ്പന്തറയുടെ ഈ ലഘുനാടകം ഞങ്ങൾ വിനീതപുരസ്സരം സഹൃദയ സമക്ഷം അവതരിപ്പിക്കുന്നു.

വില 1 ക.

**Nethaji Book Stall**
Palace Road
Kottayam. 1

# മുന്നണിയിൽ